KANDANAD

# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 2 No. 5, 15 May 2014**

എഡിറ്റോറിയൽ

# ആത്മീയതയുടെ അന്തർധാരകൾ

**എ**ല്ലാ മനുഷ്യരുടേയും ജീവിത വ്യാപാരത്തിലെ രണ്ടു പ്രധാന ഘടകങ്ങളാണ് ഭൗതികതയും ആത്മീയതയും. ധർമ്മാർത്ഥകാമപൂരണത്തിനായുള്ള മനുഷ്യന്റെ പോരാട്ടമാണ് ഭൗതികതയിൽ വരുന്നത്. എന്നാൽ ഭൗതിക താല്പര്യങ്ങളുടെ അടിസ്ഥാനമായ ശരീരത്തിൽ നിന്ന് ഭിന്നമായ ഒരു ഘടകവും, അതിന്റേതായ ഒരു പരലോകവും ഉണ്ടെന്നുള്ള വിശ്വാസത്തിൽ ഊന്നുന്ന ചിന്തകളാണ് ആത്മീയതയിൽ എത്തിക്കുന്നത്. ആദ്ധ്യാത്മികതയുടെ കാരണവും അതുതന്നെ. അടുത്തത് ഈശ്വരസങ്കല്പമാണ്. സർവ്വേശ്വരനെന്ന് സമസ്ത മതങ്ങളും പുകഴ്ത്തുന്ന സകലത്തിന്റെയും ഉത്ഭവത്തിനു കാരണഭൂതമായ ശക്തിസ്വരൂപനാണ് ഈശ്വരൻ. വിവിധ നാമങ്ങളിൽ അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ആദ്ധ്യാത്മിക കേന്ദ്രമാണത്. ആത്മാവിനും ഈശ്വരനും തമ്മിലുള്ള ബന്ധമാണ് മൂന്നാമത് ചിന്താവിഷയമാകുന്നത്. ആ ബന്ധത്തെ വിവിധ മതങ്ങൾ വിവിധങ്ങളായ രീതികളിൽ നോക്കിക്കാണുന്നു. ആത്മാവിനെയും ദൈവത്തേയും ബന്ധിപ്പിക്കുന്ന വിശ്വാസങ്ങളും അതിനനുയോജ്യമായ ആചാരങ്ങളും, രൂപം കൊള്ളുന്നത് മരണാനന്തരം ആത്മാവിന് സംഭവിക്കുന്ന അവസ്ഥയെക്കുറിച്ചുള്ള ബോധത്തിൽ നിന്നാണ്. അതുകൊണ്ടു തന്നെ പരലോകത്തെക്കുറിച്ചുള്ള സങ്കല്പങ്ങളാണ് ആദ്ധ്യാത്മികതയുടെ നാലാമത്തെ വിഷയം. ഈ നാല് അടിസ്ഥാന ചിന്തകളും ചെന്നെത്തിനിൽക്കുന്നത് ഈ ലോക ജീവിതവും മരണാനന്തര ജീവിതവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന സുപ്രധാനമായ അഞ്ചാമത്തെ വിഷയത്തിലാണ്. ഇവിടെയാണ് മതങ്ങളുടെ ഉത്ഭവവും സാംഗത്യവും ലക്ഷ്യവും നിലകൊള്ളുന്നത്. വിശ്വാസികളെ ദൈവേഷ്ടത്തിനനുരൂപരാക്കി ഇഹലോകജീവിതത്തിൽ ഒരുക്കി പരലോകത്തിൽ നിത്യസുഖത്തിന് യോഗ്യരാക്കുക എന്നതാണ് എല്ലാ മതങ്ങളുടെയും ലക്ഷ്യം.

ക്രിസ്തീയ വീക്ഷണത്തിൽ ആത്മീയത എന്നത് മുഖ്യമായും മനുഷ്യനും ദൈവവുമായുള്ള നിരന്തര സംസർഗ്ഗവും ദൈവത്തോടു ചേർന്നുള്ള ഈലോകജീവിതവുമാണ്. മതനിയമങ്ങൾ കൃത്യമായി അനുസരിക്കുന്നതും ആചാരങ്ങൾ പാലിക്കുന്നതും ആത്മീയ യാത്രയിൽ ഊന്നുവടികൾ മാത്രമാണ്. ആത്മീയത ഒരാളുടെ വാക്കിലും പ്രവൃത്തിയിലും ചിന്തയിലും സ്വഭാവത്തിലും പ്രതിഫലിക്കേണ്ട ഒരു സത്താവിശേഷമാണ്. ലൗകീക ബന്ധങ്ങളിൽ നിന്ന് മുക്തി നേടിയാലേ ആത്മീയ പൂർണ്ണത കൈവരികയുള്ളു എന്ന് ചില ഗ്രീക്ക് പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ ചിന്താഗതിയിൽപെട്ടവരായിരുന്നു കുംറാൻ സന്യാസിമാർ. എന്നാൽ ഭൗതിക ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടത്തിലൂടെയുള്ള ആത്മീയതയല്ല ക്രൈസ്തവ ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. ത്യാഗപൂർവ്വമായ പങ്കിടലും സ്നേഹത്തോടെയുള്ള പരിചരണവും, തലോടലും, പരസ്പരം കൈമാറുന്ന മാനവീകതയുമാണ് യഥാർത്ഥ ക്രൈസ്തവ ആത്മീയത.

ആത്മീയത എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും അതിനെ പ്രതിഫലിപ്പിക്കുന്ന പല സന്ദർഭങ്ങളും പുതിയ നിയമത്തിൽ കാണാം. 1 കോരി. 2:13 ൽ 'മാനുഷിക വിജ്ഞാനത്താലല്ല ആത്മാവ് പഠിപ്പിച്ച വചനങ്ങളാലാണ് ഞങ്ങൾ ആത്മീയ സത്യങ്ങൾ വ്യാഖ്യാനിച്ചു തരുന്നത്' എന്ന് വി. പൗലോസ് പറയുന്നു. അതുപോലെ ജീവനുള്ള കല്ലുകളായി നിങ്ങൾ സ്വയം ഒരാത്മീയ ഭവനമായി പണിയപ്പെടണമെന്ന് 1 പത്രോസ് 2:5 ൽ പറയുന്നു. ക്രിസ്തീയ ആത്മീയതയെക്കുറിക്കുന്നതിന് വി.പൗലോസ് ഉപയോഗിക്കുന്നത് ഫ്നൂമാറ്റിക്കോസ് എന്ന പദമാണ്. ജഡീകമെന്നതിന്റെ വിപരീത അർത്ഥമാണതിന്.

ക്രിസ്തു വെളിപ്പെടുത്തിയ ആത്മീയത പ്രവാചക പാരമ്പര്യത്തിന്റെ തുടർച്ചയും പൂർത്തീകരണവുമായിരുന്നു. തന്റെ ജീവിത സന്ദേശങ്ങൾ പ്രവാചക ദർശനത്തിൽ നിന്ന് ഉയിർകൊണ്ട ത്യാഗത്തിന്റേയും കഷ്ടത സഹിക്കുന്ന ദാസന്റേയും ശൈലിയുടെ സാക്ഷാൽക്കാരമായിരുന്നു. ആത്യന്തികമായി നുറുക്കപ്പെട്ട ശരീരത്തിന്റെയും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ആത്മീയതയുടെ അന്തർധാരകൾ** ................. 1
എം. സൈമൺ

**മെത്രാപ്പോലീത്താമാർക്ക് സ്ഥലംമാറ്റം: ഒരു പഠനം – 2** ....................................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**Pope Francis: Personification of Humility, Open Mindedness and Self Sacrifice** .......................... 6
Dr. KM George, Melmana

**തിരുസുതരായി വരുവാൻ നമ്മെ** ................. 7
വി.പി.

**മനോരോഗങ്ങൾ മാറാരോഗങ്ങളല്ല** ................. 8
ഡോ. പി.കെ സുകുമാരൻ

**ഓർത്തഡോക്സ് സഭയിൽ കുർബ്ബാനയ്ക്ക് പണമോ?** .......................... 10
ഫാ. വർഗീസ് കെ. കുന്നംകുളം

**മനുഷ്യൻ** ........................................... 14
ഡോ. ചാണ്ടി പോൾ

**വാർത്തകൾ അറിയിപ്പുകൾ** .................. 15 – 16


ചിന്തപ്പെട്ട രക്തത്തിന്റെയും പൂർണ്ണതയിൽ വെളിപ്പെടുത്തപ്പെട്ട ആത്മീയതയായിരുന്നു.

ദൈവവും മനുഷ്യനും പ്രകൃതിയും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു ഏകത്വ ദർശനമാണ് പൗരസ്ത്യ ആത്മീയതയിൽ പ്രതിഫലിക്കുന്നത്. അദ്ധ്യാത്മ പ്രേമം അഥവാ ഫിലോക്കാലിയയിലൂടെ തേജസ്കരണം അഥവാ തിയോസിസ് എന്ന ഉന്നതതലത്തിൽ എത്തി നിൽക്കുന്ന ആത്മീയ അവസ്ഥാ വിശേഷമാണത്. ഭാരതീയ യോഗീശ്വരൻമാരുടെ ആത്മീയ ചിന്തയുമായി ഇതിന് ബന്ധമുണ്ട്. ക്രിസ്തുവിന്റെ മനുഷ്യാവതാര ചരിത്രം കാലത്തിന്റെ നന്മകളെയെല്ലാം ഉപയോഗിച്ച് തിന്മയേയും ദുഷ്ടശക്തികളേയും നശിപ്പിച്ച് നീതിയുടെ സൂര്യവെളിച്ചത്തിൽ നന്മ വാഴ്ച നടത്തുന്ന പുതിയ ലോകത്തിന് വേണ്ടിയുള്ള കാത്തിരിപ്പാണ് ക്രൈസ്തവ ആത്മീയതയുടെ പ്രത്യേകത. ഓരോ വിശ്വാസിയും തന്നിലുള്ള ദൈവസാന്നിദ്ധ്യം പുഷ്ടിപ്പെടുത്തി ക്രിസ്തുവിൽ നിരന്തരം വളരുവാനുള്ള സമൃദ്ധമായ ജീവൻ പ്രാപിച്ച് ക്രിസ്തുവിൽ വെളിപ്പെട്ട ദൈവമനുഷ്യത്വ പൂർണ്ണതയിൽ രൂപാന്തരപ്പെടുന്നതാണ് യഥാർത്ഥ ക്രൈസ്തവ ആത്മീയത.

ആധുനിക ദൈവശാസ്ത്രം മതേതര ആത്മീയതയെന്നും പോരാട്ടത്തിന്റെ ആത്മീയതയെന്നും രണ്ടു സരണികൾ നിർദ്ദേശിക്കുന്നു. യാതൊരു മതത്തിന്റേയും അതിരുകൾക്കുള്ളിൽ ഒതുങ്ങാതെ ആത്മീയ ജീവിതം നയിക്കുന്നതിനെയാണ് മതേതര ആത്മീയത കൊണ്ടുദ്ദേശിക്കുന്നത്. ദൈവസാന്നിധ്യം ഒരു പ്രത്യേക മതത്തിലോ ഭൂപ്രദേശത്തോ പരിമിതപ്പെടുത്താൻ കഴിയാത്തതുപോലെ ക്രിസ്തുവിൽ വെളിപ്പെട്ട മാനവികതയും ശുശ്രൂഷയും സാർവ്വത്രിക സ്വഭാവമുള്ളവയായിരുന്നു. സങ്കുചിത മതചിന്തയ്ക്ക് അതീതമായി മനുഷ്യജീവിതം സേവന വൽക്കരിക്കുന്നതിനുള്ള അർപ്പണമാണ് ക്രിസ്തു ലക്ഷ്യം വച്ച ആത്മീയത.

പോരാട്ടത്തിന്റെ ആത്മീയത ധ്യാനവും പോരാട്ടവും സമന്വയിപ്പിച്ചുകൊണ്ടുള്ളതാണ്. ഈ പോരാട്ടം കേവലം അദൃശ്യആത്മശക്തികളോടുള്ള പടപൊരുതലല്ല, ആത്മീയ പാതയിൽ എതിർപെടുന്ന എല്ലാ ദൃശ്യദുഷ്ട ശക്തികളോടുമുള്ള പോരാട്ടമായിട്ടാണ് ഡേവിഡ് ജർക്കിൻസൺ ഇതിനെ വിശദമാക്കുന്നത്. ബോൺ ഹോഫറിന്റെ വാക്കുകളിൽ വിശുദ്ധ ജീവിതമമെന്നത് ലോകത്തിന്റെ കളങ്കം ഏൽക്കാതെ സൂക്ഷിക്കുക മാത്രമല്ല ലോകത്തിന്റെ കളങ്കവും തിന്മയും തുടച്ചു വെടിപ്പാക്കാനുള്ള സന്നദ്ധത നേടുക കൂടിയാണ്.

ചുരുക്കത്തിൽ ആത്മീയത അന്തരാത്മാവിന്റെ വൈകാരിക അനുഭൂതി മാത്രമല്ല ഇഹത്തിലെ ദൈവിക നിയോഗം തിരിച്ചറിഞ്ഞ് അവയിലുള്ള ക്രിയാത്മക പങ്കാളിത്തം കൂടിയാണ്. ക്രിസ്തു തുടക്കമിട്ട നവയുഗത്തിനനുരൂപമായി പുതിയ സൃഷ്ടിയിലേക്കുള്ള രൂപാന്തരത്തിന്റെ വക്താക്കളും കെട്ടുപണിക്കാരുമായി സ്വജീവിതത്തെ പ്രകാശിതമാക്കുമ്പോഴാണ് ക്രിസ്തീയ ആത്മീയതയിൽ നാം ആയിത്തീരുന്നത്.

**എം. സൈമൺ**

**മെത്രാപ്പോലീത്തായുടെ കത്ത്**

# മെത്രാപ്പോലീത്താമാർക്ക് സ്ഥലംമാറ്റം : ഒരു പഠനം-2

മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു നിശ്ചിത കാലയളവ് സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് സഭയിലെ എല്ലാ മേൽപ്പട്ടക്കാരും ഭദ്രാസന മാറ്റത്തിന് വിധേയരായിക്കൊണ്ടിരിക്കും എന്നതാണ്. ഇത്തരം ഒരു സ്ഥലം മാറ്റത്തിന് ഓർത്തഡോക്സ് സുറിയാനി സഭയുടെ കാനോൻ, പാരമ്പര്യം, സഭാഭരണഘടന എന്നിവയുടെ പിൻബലമില്ല. കാനോൻ-സുന്നഹദോസ് നിശ്ചയങ്ങൾ ആകട്ടെ ഇങ്ങനെ ഒരു ക്രമീകരണത്തെ നിഷേധിക്കുകയും ചെയ്യുന്നു. ആ സാഹചര്യത്തിൽ ഈ നടപടിക്ക് സഭയ്ക്കുള്ളിൽ നിന്നും എതിർപ്പുണ്ടാകുവാനുള്ള സാധ്യത പ്രതീക്ഷിക്കണം. സ്ഥലം മാറാൻ ഏതെങ്കിലും മെത്രാപ്പോലീത്താമാർ തയ്യാറാകാതിരിക്കുകയും അവരുടെ ഭദ്രാസനങ്ങൾ അവരുടെ സംരക്ഷണത്തിന് രംഗത്ത് വരികയും ചെയ്താൽ ഉണ്ടാകാവുന്ന അരാജകത്വം സഭാനേതൃത്വം മുന്നിൽ കാണണം. അതുകൊണ്ട് സ്ഥലം മാറ്റം പ്രാവർത്തികമാക്കണം എന്നുണ്ടെങ്കിൽ പ്രാഥമികമായി ചെയ്യേണ്ടത് സുന്നഹദോസിന്റെ കാര്യപരിപാടിയിൽ അതുൾക്കൊള്ളിച്ച് അക്കാര്യം ചർച്ച ചെയ്ത് അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരുകയാണ്. അതിനുശേഷം ഭരണഘടനയിൽ ആവശ്യമായ കൂട്ടിച്ചേർപ്പുകൾ നടത്തി നിയമനിർമ്മാണം നടത്തുവാൻ റൂൾസ് കമ്മിറ്റി നടപടികൾ സ്വീകരിക്കണം. ആവശ്യമായ സമിതികളിൽ അവതരിപ്പിച്ച് അത് ഭരണഘടനയുടെ ഭാഗമാക്കണം. അതല്ല മേൽപ്പട്ടക്കാർ എല്ലാവർക്കും ഇക്കാര്യത്തിൽ ഏകമനസ്സാണ് എങ്കിൽ ഈ പ്രക്രിയയുടെ ഒന്നും ആവശ്യമില്ല. അതല്ലാതെ ജനവികാരം മുതലാക്കി മാനേജിംഗ് കമ്മിറ്റിയിൽ അടിയന്തര പ്രമേയം പാസ്സാക്കി എളുപ്പവഴിയിൽ കാര്യസാധ്യത്തിനു ശ്രമിച്ചാൽ ആവശ്യമില്ലാതെ ഊരാക്കുടുക്കിൽപെടുകയായിരിക്കും ഫലം. അതുകൊണ്ട് കുറുക്കുവഴികൾ അവലംബിച്ച് മേൽപ്പട്ടക്കാരുടെ ഭദ്രാസനമാറ്റം പ്രാവർത്തികമാക്കാൻ ശ്രമിക്കാതിരിക്കുകയായിരിക്കും വിവേകം.

എന്താണ് മേൽപ്പട്ടക്കാരുടെ സ്ഥലം മാറ്റത്തിന്റെ അനിവാര്യത? മേൽപ്പട്ടക്കാരിൽ ചിലർക്ക് ലക്ഷ്യ ഭദ്രാസനം ലഭിക്കുന്നതിനോ, സഭാകേന്ദ്രത്തിന് മെത്രാൻമാരുടെ മേലുള്ള അധികാര-നിയന്ത്രണങ്ങൾ മുറുക്കുന്നതിനോ, സഭാംഗങ്ങൾക്ക് തങ്ങളുടെ ഇടവക മെത്രാപ്പോലീത്തയെപറ്റിയുള്ള നിരാശയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനോ ഉള്ള മാർഗ്ഗമായി ഇതു പരിണമിക്കരുതല്ലോ. നേരെ മറിച്ച് സഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും നൻമയ്ക്കും പുരോഗതിക്കും സാക്ഷ്യത്തിനുമായി ഇതു ഭവിക്കണം. ഭദ്രാസന മാറ്റം വഴി ഇതെല്ലാം സംഭവിക്കുമോ എന്ന് പ്രാഥമികമായി അന്വേഷിക്കണം. മേൽപ്പട്ടക്കാരുടെ സ്ഥാനചലനം ഇക്കാര്യങ്ങൾക്ക് ഉതകുന്നില്ല എങ്കിൽ സ്ഥലം മാറ്റം അനാവശ്യമായി ഭവിക്കും. അതിനു വേണ്ടിയുള്ള അദ്ധ്വാനം വെറുതെയാകുകയും ചെയ്യും. മാത്രമല്ല അത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും മതി. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാകണം ഇങ്ങനെ ഒരു നടപടിക്കാവശ്യമായ നിയമനിർമ്മാണ പ്രക്രിയ തന്നെ ആരംഭിക്കുവാൻ. എന്നാൽ ഒരു കാര്യം പൂർണ്ണമായും ശരിയാണ്. നിലവിലിരിക്കുന്ന ക്രമീകരണം ന്യൂനതയുള്ളതും, ജനം മടുത്തതും, മാറ്റത്തിനു വിധേയമാകേണ്ടതുമാണ്. അതുകൊണ്ടാണ് ജനരോഷം ഇതിനെതിരെ നിലനിൽക്കുന്നത്. മേൽപ്പട്ടക്കാരുടെ സ്ഥലം മാറ്റം നിലവിലിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുമോ എന്നും ഏതു സാഹചര്യം അതു സൃഷ്ടിച്ചേക്കും എന്നും ആദ്യം വിലയിരുത്തേണ്ടതുണ്ട്.

1. മലങ്കരസഭയുടെ ഘടന എന്നത് അടിസ്ഥാനപരമായി ഫെഡറൽ സ്വഭാവം പുലർത്തുന്നതാണ്. ഓരോ ഭദ്രാസനവും ഭരണപരമായി വലിയ പരിധിവരെ സ്വതന്ത്രമാണ്. മെത്രാപ്പോലീത്താമാരുടെ വാഴ്ച, നിയമനം എന്നിവയൊഴിച്ച് എല്ലാക്കാര്യങ്ങളും അതിനുള്ളിൽ തന്നെ നിർവ്വഹിക്കാവുന്നതേയുള്ളൂ. സാധാരണ ഗതിയിൽ കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്തായുടെ ഇടപെടൽ ഒരു ഭദ്രാസന അതിർത്തിയിൽ ആവശ്യമായി വരുന്നില്ല. ഭദ്രാസന ഇടവകയുടെ ഭരണം, ആസൂത്രണം, അതിന്റെ നടപ്പിലാക്കൽ ഇവയെല്ലാം ഭദ്രാസന പൊതുയോഗം, കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് നിർവ്വഹിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നു. അതുപോലെ തന്നെ വൈദീക സ്ഥാനികളുടെ തെരഞ്ഞെടുപ്പ്, അഭ്യസനം, പട്ടംകൊടുക്കൽ, നിയമനം, സ്ഥലംമാറ്റം എന്നിവയെല്ലാം ഭദ്രാസനത്തിലെ ക്രമീകരണ പ്രകാരം ഭദ്രാസന മെത്രാപ്പോലീത്തായാണ് ചെയ്യുന്നത്. ആ നിലയിൽ മെത്രാപ്പോലീത്ത ഭരണഘടന പ്രകാരം ഭദ്രാസന സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്. ഭദ്രാസന മെത്രാപ്പോലീത്തായായി അവരോധിതനായിക്കഴിഞ്ഞാൽ സാധാരണ ഗതിയിൽ സ്ഥലം മാറ്റുന്നതിനോ നീക്കം ചെയ്യുന്നതിനോ (ഗൗരവമായ ആരോപണങ്ങൾ തെളിയിക്കപ്പെടുന്ന സാഹചര്യത്തിലൊഴിച്ച്) ഉള്ള അവകാശം ഭരണഘടന

ആർക്കും നൽകുന്നില്ല. മെത്രാപ്പോ ലീത്തായെ നിശ്ചിത കാലയളവിനു ള്ളിൽ സ്ഥലം മാറ്റുന്ന ക്രമീകരണം വരുമ്പോൾ ഭദ്രാസന ഇടവകയുടെ ഓട്ടോണോമിക്കും സഭയുടെ ഫെഡ റൽ സംവിധാനത്തിനുമാണ് വെല്ലു വിളി ആകുന്നത്. മാത്രമല്ല സ്ഥലം മാറ്റുന്ന അധികാരി എന്ന നിലയിൽ കാതോലിക്ക-മലങ്കര മെത്രാപ്പോ ലീത്ത സ്വേഛാധിപത്യ പ്രവണത കൾ പ്രദർശിപ്പിക്കാനുള്ള സധ്യതയും ഉണ്ട്. അന്തോഖ്യൻ സുറിയാനി സഭ യിൽ മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റം അനുവദനീയം അല്ലാ ത്തതുകൊണ്ട് കാലം ചെയ്ത പാത്രി യർക്കീസ് ഭദ്രാസനങ്ങളിൽ ആധി പത്യം നിലനിർത്തുവാനായി മെത്രാ ന്മാരെ 'പേട്രിയാർക്കൽ വികാരി' മാ രായി നിയമിച്ച് യഥേഷ്ടം സ്ഥലം മാറ്റുന്നത് പതിവാക്കിയിരുന്നു. ശ്രേ ഷ്ഠ കാതോലിക്ക പലപ്പോഴും മേൽപ്പ ട്ടക്കാരെ സഹായമെത്രാൻമാരായി നിയമിക്കുന്നതിന്റെ രഹസ്യവും ഇതു തന്നെ. കാതോലിക്കറ്റിന്റെ അധീ ശത്ത താത്പര്യങ്ങൾക്ക് വളം വച്ച് അധികാര കേന്ദ്രീകരണം നടപ്പി ലാക്കി സഭയിൽ നിലനിൽക്കുന്ന ഫെഡറൽ സംവിധാനം തകർക്കു ന്നത് വളരെ അപകടകരമായ നീക്ക മായിരിക്കും. ഓരോ സ്ഥലം മാറ്റ ത്തിലും ലക്ഷ്യഭദ്രാസനങ്ങൾ നേടി യെടുക്കുന്നതിനായി കേന്ദ്രാധികാരി യുടെ പാദസേവ നടത്താൻ മെത്രാ പ്പോലീത്താമാർ മത്സരിക്കുന്ന ദയ നീയ കാഴ്ചയും ഉണ്ടാകാവുന്നതാ ണ്. ഓർത്തഡോക്സ് സഭാ പാരമ്പ ര്യത്തിൽ സഭയ്ക്ക് പരമാധ്യക്ഷനി ല്ല, പ്രധാന മേലധ്യക്ഷൻ (primate) അതായത് സമൻമാരിൽ മുമ്പൻ മാത്രമേ ഉള്ളൂ. അതാണ് പാത്രിയർ ക്കാ-കാതോലിക്കായുടെ സ്ഥാനം സംബന്ധിച്ച് ഭരണഘടനാ പരാമർ ശം (സഭാഭരണഘടന ഖണ്ഡിക 1, 2 വായിക്കുക). പരമാധ്യക്ഷൻ, ഭദ്രാ സനാധിപൻ തുടങ്ങിയ സംജ്ഞകൾ കേൾക്കുമ്പോൾ സഭാധികാരികൾ ക്ക് രോമഹർഷം ഉണ്ടാകുവാൻ സഹായിക്കും എന്നത് ശരിയാണ്. എന്നാൽ ഓർത്തഡോക്സ് പാരമ്പ ര്യത്തിന് ഈ വിശേഷണങ്ങൾ വിരു ദ്ധമാണ് എന്ന് വിശ്വാസികൾ മനസ്സി ലാക്കണം. പ്രധാന മേലധ്യക്ഷനെ പരമാധ്യക്ഷനായി ഉയർത്തി ഭദ്രാ സന മെത്രാപ്പോലീത്തായെ അദ്ദേഹ ത്തിന്റെ ആ ജ്ഞാനുവർത്തിയാക്കി സ്ഥലം മാറ്റത്തിന് വിധേയമാക്കുന്ന തോടെ ഓർത്തഡോക്സ് സഭാ വിജ്ഞാനീയം മലങ്കര സഭയ്ക്ക് അന്യമാകും. പഠനം ഇല്ലാതെയും ധൃതി വച്ചും സഭയിൽ പരിഷ്ക്കാര ങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചാൽ അതു സൃഷ്ടിക്കുന്ന പ്രത്യാഘാത ങ്ങൾ വലുതായിരിക്കും.

രണ്ടാമതായി മേൽപ്പട്ടക്കാരുടെ പൊതുസ്ഥലം മാറ്റം ഭദ്രാസനത്തി ന്റെ ദീർഘകാല അടിസ്ഥാനത്തി ലുള്ള ആസൂത്രണത്തിനും അതി നോട് അനുബന്ധിച്ചുള്ള വികസന പ്രക്രിയയ്ക്കും തടയിടുവാൻ ഇടയാ ക്കിയേക്കും. ഭാവിചിന്ത ഉള്ള ഒരാൾ ഏതെങ്കിലും ഭദ്രാസനത്തിന്റെ മെത്രാ പ്പോലീത്തയായി അവരോധിക്കപ്പെ ടുമ്പോൾ തന്റെ റിട്ടയർമെന്റ് വരെ യുള്ള കാലഘട്ടത്തിന്റെ ദൈർഘ്യം കണക്കുകൂട്ടി ഭാവി പദ്ധതികൾ ആവി ഷ്കരിക്കുന്നു. അതിനായി അദ്ദേഹം ഒരു പഠനപ്രക്രിയയിൽ ഏർപ്പെടുന്നു. എന്തെല്ലാം ശേഷികൾ, വിഭവങ്ങൾ, സാധ്യതകൾ ഇവ ഭദ്രാസനത്തി നുണ്ട് എന്നും പ്രവർത്തനത്തിനുള്ള മേഖലകൾ, ആവശ്യങ്ങൾ, ഹ്രസ്വ- ദീർഘകാല അടിസ്ഥാനത്തിൽ നടപ്പി ലാക്കേണ്ട പദ്ധതികൾ ഇവ ഏതെല്ലാ മെന്നും സംബന്ധിച്ച് അന്വേഷണം നടത്തുന്നു. ഇതിന്റെ അടിസ്ഥാന ത്തിൽ കൃത്യമായ ആസൂത്രണവും (planning) അതു പൂർത്തിയാക്കുന്ന തിനുള്ള സമയക്രമീകരണവും (time schedule) ഉണ്ടാക്കുവാൻ ശ്രമിക്കു ന്നു. അതുപോലെ തന്നെ വൈദീക രുടെ പഠനം, തുടർവിദ്യാഭ്യാസം, സാമ്പത്തിക സുരക്ഷിതത്വം, മാറി വരുന്ന കാലഘട്ടത്തിലെ ശുശ്രൂഷ കൾക്കായി അവരെ സജ്ജമാക്കൽ തുടങ്ങിയവയും അദ്ദേഹത്തിന്റെ സ്വയം ഒരുങ്ങലിൽ പെടും. ഇങ്ങനെ ദീർഘകാല വീക്ഷണത്തോടെ ഭദ്രാ സനകാര്യങ്ങൾ നോക്കിക്കാണുന്ന ഒരു മേൽപ്പട്ടക്കാരൻ നിശ്ചിതകാല യളവിൽ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു വെങ്കിൽ അദ്ദേഹത്തിന് ഭദ്രാസന ത്തിന്റെ വികസന-സാക്ഷ്യ-അജപാ ലന രംഗങ്ങളിൽ ആസൂത്രണം നട ത്തുക സാധ്യമായി എന്നു വരികയി ല്ല. നേരെ മറിച്ച് സ്ഥലം മാറ്റത്തിന്റെ ഫലമായി മാറി എത്തുന്ന ഓരോ ഭദ്രാസന ആസ്ഥാനവും വഴിയമ്പലം പോലെ ഗണിക്കുവാൻ അദ്ദേഹത്തി ന് പ്രേരണ നൽകുകയായിരിക്കും. മാർത്തോമാ സഭയിൽ വളരെ കേന്ദ്രീ കൃതമായ ഒരു ഭരണ-ആസൂത്രണ സംവിധാനം നിലനിൽക്കുന്നതിനാൽ മേൽപ്പട്ടക്കാർക്ക് സ്ഥലംമാറ്റം പ്രശ്ന ങ്ങൾ സൃഷ്ടിക്കുന്നില്ല. ഓരോരു ത്തർക്കും ഭദ്രാസനങ്ങളിൽ ദൈനം ദിന ഭരണകാര്യങ്ങളിൽ തന്റെ ശ്രദ്ധ പരിമിതപ്പെടുത്തിയാൽ മതിയാകും. എന്നാൽ ഓർത്തഡോക്സ് സഭയു ടെ സഭാ വിജ്ഞാനീയം, ഭരണസംവി ധാനം എന്നിവ മൗലികമായി വ്യത്യാ സപ്പെട്ടിരിക്കുന്നതിനാൽ ഭദ്രാസന അധ്യക്ഷൻമാരുടെ സ്ഥലംമാറ്റം സഭ യുടെ വളർച്ചയ്ക്ക് സഹായകമാ കാതെ വരുന്നു.

മൂന്നാമതായി മേൽപ്പട്ടക്കാരുടെ സേവനദൈർഘ്യം ഓരോ ഭദ്രാസന ത്തിലും നിജപ്പെടുത്തുമ്പോൾ അവർ തങ്ങൾക്ക് പല സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന ധനം അവർ ശുശ്രൂ ഷ ചെയ്യുന്ന ഓരോ ഭദ്രാസനത്തി ലും നിക്ഷേപിക്കുവാൻ താത്പര്യം കാണിച്ചു എന്നു വരില്ല. തങ്ങളുടെ സേവനം ഏതാനും വർഷത്തേയ്ക്കു മാത്രമേ ഓരോ ഭദ്രാസനത്തിലും ഉള്ളൂ എന്ന ചിന്ത ശുശ്രൂഷ ചെയ്യുന്ന ഭദ്രാസനങ്ങളിൽ പണം മുടക്കുന്ന തിൽ നിന്ന് അവരെ പിന്തിരിപ്പിക്കു ന്നു. ഇപ്പോൾ ദീർഘകാല ഭരണം ഉണ്ടായിട്ടുപോലും ലഭിക്കുന്ന പണം ബ്ലേഡു ബാങ്കുകൾ, സ്വന്തക്കാർ, സിൽബന്ധികൾ എന്നിവിടങ്ങളി ലേക്കു പ്രവഹിക്കുന്നതായി ആരോ പണം നിലവിലുണ്ട്. ഇതു കൂടാതെ യും ധാരാളം സ്വകാര്യ സാമ്പത്തിക

ചോർച്ചകൾ നടക്കുന്നു. മുപ്പതും അതിലധികവും വർഷങ്ങൾ ഭദ്രാ സന ഭരണം നിർവ്വഹിച്ചിറങ്ങുമ്പോൾ സ്വന്തം ഭദ്രാസനത്തിൽ ഒന്നും ചെയ്യാതെ ഇരുന്നാൽ ജനമെന്തു പറയും എന്നു ചിന്തിച്ചെങ്കിലും കുറേ തുക മുടക്കിയെന്നിരിക്കും. എന്നാൽ സ്ഥലം മാറ്റം ഉണ്ടായാൽ സാമ്പത്തിക അഴിമതി രൂക്ഷമാകും. കയ്യിലെത്തുന്ന പണം കീശയിലേ ക്കും പിന്നെ പലയിടങ്ങളിലേക്കും മാറും എന്നല്ലാതെ സഭയുടെ ക്ഷേമത്തിനും സാക്ഷ്യത്തിനും കെട്ടുപണിക്കും അതുതകാതെ പോകും. അതായത് മേൽപ്പട്ടക്കാരുടെ പൊതു സ്ഥലംമാറ്റം നിലവിൽ വരുന്നതോടുകൂടി സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കാനാണ് സാധ്യത.

നാലാമതായി ഭദ്രാസന മാറ്റം സമയാധിഷ്ഠിതമായി സംഭവിക്കുന്ന പ്രതിഭാസമാകയാൽ സ്ഥലം മാറുന്ന മേൽപ്പട്ടക്കാരൻ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ഭദ്രാസനത്തിൽ ഏതെങ്കിലും പദ്ധതികൾ തുടങ്ങി വച്ചിട്ട് പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ പിന്നാലെ വരുന്നയാൾ അതേ ശുഷ്കാന്തിയോടെ അത് ഏറ്റെടുത്തു പൂർത്തിയാക്കണം എന്നില്ല. പൂർത്തിയായത് തുടർന്നു നടത്തിക്കൊണ്ടു പോകുന്നതിന് പ്രാപ്തി അഥവാ ആഗ്രഹം ഉണ്ടാകണമെന്നുമില്ല. അങ്ങനെ ഇവിടെ നയപരവും പ്രയോഗപരവുമായ ഒരു മുറിയലിന്റെ (dis-continuity) പ്രശ്നമുണ്ട്. പിരിവു കിട്ടുന്നതിനുവേണ്ടി എളുപ്പവഴിയായി അനാഥശാലയോ, വികലാംഗഭവനമോ, മന്ദബുദ്ധി കേന്ദ്രമോ തുടങ്ങി വച്ചിട്ട് ഒരു മെത്രാപ്പോലീത്ത സ്ഥലം മാറുന്നതോടെ തുടർന്നു വരുന്ന മെത്രാപ്പോലീത്തായ്ക്ക് പണപ്പിരിവിനു താത്പര്യം കുറവാണെങ്കിൽ അവയുടെയെല്ലാം ഭാവി അനിശ്ചിതത്വത്തിലാവും. ഏതെങ്കിലും ബൃഹത്തായ പദ്ധതികൾ തുടങ്ങി പൂർത്തീകരിച്ച് നടത്തിക്കൊണ്ടുപോകുവാൻ സമയം ലഭിക്കാത്തതുകൊണ്ട് അത്തരം സംരംഭങ്ങളൊന്നും നടക്കാതെയും വരുന്നു. അതുകൊണ്ട് സമർത്ഥരായ മേൽപ്പട്ടക്കാരുടെ അധ്വാനശീലം, ദീർഘദൃഷ്ടി എന്റർ പ്രണർഷിപ്പ് എന്നിവ ഭദ്രാസനത്തിനും സഭക്കും പ്രയോജനപ്പെടാതെ പോകുന്നു. ഇതു പൊതുവെ മേൽപ്പട്ടക്കാരുടെ ഇടയിൽ അലസതയും, ധൂർത്തും, അഴിമതിയും വളർത്തുകയും ചെയ്യുന്നു.

കൂടാതെ ഓരോ ഭദ്രാസനത്തിലും നിലനിൽക്കുന്നത് പ്രത്യേകമായ സാഹചര്യമാണ്. മേൽപ്പട്ടക്കാരനെ സംബന്ധിച്ച് അതു പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ട് പ്രവർത്തനം ആരംഭിക്കുന്നതിന് ന്യായമായ സമയം ആവശ്യമാണ് ചുറ്റുപാടുകൾ മനസ്സിലാക്കി, വിലയിരുത്തി പ്രവർത്തനം ആരംഭിക്കുമ്പോഴേക്കും അടുത്ത സ്ഥലംമാറ്റം സംഭവിക്കാം. അവിടെ ലഭിച്ച അനുഭവസമ്പത്ത് പിന്നാലെ ലഭിക്കുന്ന ഭദ്രാസനത്തിൽ ഉപകരിക്കണം എന്നില്ല. ചിലപ്പോൾ അത് ഉപയോഗപ്പെടുത്തുന്നത് പ്രതികൂല ഫലം സൃഷ്ടിക്കാനും മതി. ഓരോ പ്രദേശത്തിന്റെയും സവിശേഷതയും പ്രാദേശിക സംസ്കൃതിയും മനസ്സിലാക്കി പ്രവർത്തിക്കുമ്പോഴാണ് ശുശ്രൂഷാ വെല്ലുവിളി ഫലപ്രദവുമാകുന്നത്. എവിടെയാണെങ്കിലും തങ്ങൾക്ക് പരിചയമുള്ള തത്വങ്ങൾ പ്രാവർത്തികമാക്കാനാണ് ശ്രമമെങ്കിൽ അത് പ്രശ്നം സൃഷ്ടിക്കും. അതുകൊണ്ട് സ്ഥിരമായ പൊതു സ്ഥല മാറ്റങ്ങൾ പ്രാദേശികമായ പഠന-വിലയിരുത്തൽ പ്രക്രിയയെ സഹായിക്കില്ല. മുൻധാരണ പ്രകാരമുള്ള കാര്യപരിപാടികൾ ഓരോ ഇടത്തും നടപ്പിലാക്കുക എന്നാൽ പ്രാദേശികമായ സംസ്കാരവും സാഹചര്യവും അവഗണിച്ചുള്ള ശുശ്രൂഷയായിരിക്കും . ഓരോ പ്രദേശത്തിന്റെയും പശ്ചാത്തല സാഹചര്യങ്ങളോട് നിസ്സംഗത പുലർത്തി സംവേദനത്വം ഇല്ലാതെ നിർവ്വഹിക്കുന്ന ശുശ്രൂഷയ്ക്ക് വേണ്ടത്ര ഫലപ്രാപ്തി ഉണ്ടാകുകയുമില്ല. അതുകൊണ്ട് വെല്ലുവിളി ഉയർത്തുന്ന, അർത്ഥവത്തായ എപ്പിസ്കോപ്പൽ ശുശ്രൂഷയ്ക്ക് ഭദ്രാസനവുമായി ദീർഘകാല പരിചയവും, പഠനവും, വിലയിരുത്തലും ഉണ്ടായേ തീരൂ. ഒരു വൈദീകന്റെ ഇടവകയിലുള്ള ഹ്രസ്വകാല ശുശ്രൂഷയുമായി മേൽപ്പട്ടക്കാരന്റെ ഭദ്രാസന സേവനം താരതമ്യപ്പെടുത്തിക്കൂടാ. വൈദീകന്റേത് പ്രധാനമായും അജപാലന ശുശ്രൂഷയാണ്. ഭദ്രാസന മെത്രാപ്പോലീത്തായുടേത് കുറെക്കൂടി സമഗ്ര സ്വഭാവമുള്ളതാണ്. സ്ഥലം മാറ്റത്തിലൂടെ ഓരോ ഭദ്രാസനത്തിലും കയറി ഇറങ്ങുന്നതു വഴി ഒരു ഭദ്രാസനത്തിനും സ്ഥായിയായ സംഭാവന നൽകുന്നതിന് അദ്ദേഹത്തിന് കഴിയാതെ വരുന്നു.

ഇടവക മെത്രാപ്പോലീത്തായെ പ്പറ്റിയുള്ള ജനത്തിന്റെ അസംതൃപ്തി ആണല്ലോ സ്ഥലംമാറ്റ വിഷയം പൊതുവികാരമാക്കുന്നത്. സ്വന്തം ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിന് പരാജയപ്പെടുന്ന ഒരു മേൽപ്പട്ടക്കാരനെ സ്ഥലം മാറ്റി മറ്റൊരു ഭദ്രാസനത്തിൽ വിടുക, ഉയർത്തി കാതോലിക്ക സ്ഥാനത്തേക്ക് അവരോധിക്കുക, എന്നീ രണ്ടു സാധ്യതകൾ മാത്രമേ ഉള്ളൂ. ഒരു കാലിലെ മന്ത് മറുകാലിലേക്ക് മാറ്റുക അല്ലെങ്കിൽ തലയിലേക്ക് നീക്കുക (ഈ പ്രയോഗത്തിന് പരി. കാതോലിക്ക ബാവയോട് കടപ്പാട്) എന്ന ഓപ്ഷൻ മാത്രമാണ് ഇവിടെയുള്ളത്. അതുകൊണ്ട് അപ്രാപ്തനോ അലസനോ ആയ ഒരു മേൽപ്പട്ടക്കാരനെ മാറ്റി പ്രതിഷ്ഠിക്കുന്നതുവഴി മറ്റൊരു ഭദ്രാസനമോ, സഭതന്നെയോ നഷ്ടം സഹിക്കേണ്ടി വരുമെന്നു മാത്രം. കൂടാതെ മാറി വരുന്ന മെത്രാപ്പോലീത്തായിൽ നിന്ന് മെച്ചപ്പെട്ട സേവനം കിട്ടും എന്നതിനും ഉറപ്പൊന്നുമില്ല. അതായത് മേൽപ്പട്ടക്കാരുടെ പൊതുവായ സ്ഥലംമാറ്റം കൊണ്ട് ഭദ്രാസനത്തിനോ, സഭയ്ക്കു പൊതുവായോ എന്തെങ്കിലും പ്രയോജനം സിദ്ധിക്കും എന്നുള്ളത് വെറും ഒരു വ്യാമോഹമായി പരിണമിക്കാനാണ് സാധ്യത.

മേൽപ്പറഞ്ഞ ചർച്ചയിൽ ഉരുത്തിരിയുന്ന നിഗമനം: മേൽപ്പട്ടക്കാരുടെ പൊതുവായ സ്ഥലം മാറ്റം സഭയ്ക്കും ഭദ്രാസനങ്ങൾക്കും

# Pope Francis:
# Personification of Humility, Open Mindedness and Self Sacrifice

Dr. K.M. George, Melmana

During the first year of his papacy itself, Pope Francis has regained the credibility of church. His approach, style, personality, disposition, courage of conviction, divine calling, informality while relating to others, open mindedness and self sacrificing shepherdess make him to stand out as a sterling star in the horizon of both divinity and humanity.

The March issue of the Kandand Diocesan Bulletin carried a special feature on Pope Francis by the diocesan Metropolitan HG Dr Thomas Athanasius of the Indian Orthodox Church. The author observes Pope John Paul 11 had opined that the basic faith and order are the same for both Catholic and Orthodox churches.

“It is legitimate to affirm that the gap between the Catholic Church and the Orthodox Church is not wide”. “At the same time, we must acknowledge that the difficulties are of a historical and psychological nature felt deeply in the Orthodox Church”. The major reasons for the conflict and friction are well understood by the Pope.

Pope Francis is implementing the action plan of Pope John Paul II. His endeavour is to erase the scars inflicted on the Orthodox Church by the erstwhile Catholic Church hierarchy. Holy Father manifests transparent humility and honesty coupled with wholesomeness by opting to serve the unequals. This is a laudable eye opener to other religious heads, who love to indulge in conspicuous consumption of luxurious goods and services. Pope Francis is a happy blend of humility and moral courage, without any air of ego or pretensions, as he serves any one, like his role model Francis of Assisi. Kudos to the Holy Father!

In fact this is the first open minded response I have seen emanating from any responsible church leader either from the Orthodox or Anglican fold on the style and substance of Pope Francis. I do commend Dr. Thomas Athanasius, a Metropolitan of the Indian Orthodox Church for being a forerunner for augmenting the process of reconciliation between Catholic and Orthodox Churches (Ref Diocesan Bulletin, Vol. 2,No 3, March 2014).

Let me add on to this, some critical observation on the vision and vicissitudes of Pope Francis.

Revolutionary Pope:

1) Pope Francis is a revolutionary and when he observes that those who do not believe in God are to obey their conscience!

2) On homosexuality, he went on to opine that if a person is gay and seeks God and had good will, who am I to judge him ?.

3) He had accused priests who refuse to baptise babies of single mothers by telling such priests having “sick mentality”.

4) He demonstrates an extra ordinary ability to communicate his ideas even by gestures.

5) Religious heads pay lip service to the need for humility and simplicity. But Pope Francis drives a 1984 Renault, of the sort owned by many French farm labourers. (It may be recalled that some of the Kerala microscopic Christian denomination heads own and or are driven around in the latest versions of Volvos and Mercedes limousine!!)

6) The maiden policy decision after taking office was to shun the papal apartments in the Apostolic Palace overlooking St. Peter’s Square for simpler accommodation. Room 201 of Casa Santa Maria, a sort of hotel with in Vatican for visiting clerics and others has thus become his residence as well. The

---

പ്രയോജനപ്പെടില്ല എന്നതാണ്. ജനത്തിന്റെ പ്രതീക്ഷയ്ക്ക് സാധൂകരണം നൽകുന്നതുമല്ല. അതുകൊണ്ട് അത്തരത്തിലുള്ള ഒരു നടപടി ഒഴിവാക്കി സഭാംഗങ്ങളുടെ നിരാശയും അസ്വസ്ഥതയും പരിഹരിക്കുവാനാണ് വഴി അന്വേഷിക്കേണ്ടത്. അനഭിമതനായ ഒരു മേൽപ്പട്ടക്കാരന് ഒരിടത്തും ഫലപ്രദമായി ശുശ്രൂഷ ചെയ്യാനാകില്ല എന്നത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ സ്ഥലം മാറ്റിയതുകൊണ്ട് എന്തുവിശേഷം? ഈ പ്രശ്നത്തിന് സ്ഥലം മാറ്റം പരിഹാരമല്ല. ഇവിടത്തെ അടിസ്ഥാന പ്ര ശ്നം നിലവിലിരിക്കുന്ന സംവിധാന (system) ത്തിന്റെ കുഴപ്പമാണ്. അതുകൊണ്ട് കുറേക്കൂടി മൗലികമായി സംവിധാനത്തെ പരിവർത്തനപ്പെടുത്തണം. അതിന് നിലവിലിരിക്കുന്ന ക്രമീകരണത്തിന്റെ അപ-പുനർ നിർമ്മിതികളിൽ കുറഞ്ഞൊന്നും പോരായെന്നാണ് എന്റെ നിരീക്ഷണം. *(തുടരും)*

സസ്നേഹം

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

Apostolic Palace is like an inverted funnel says the Hoty Father.

7) On economic exclusion and inequality. Pope Francis radically quoted St. John Chrysostom, an early Church father, “not to share ones wealth with the poor is to steal from them”.

8) A month after his election, he created a group of eight cardinals to “ advise him on the government of the universal church” and to draw up a project for reform of the Curia. Only one member *is* from Vatican. He has also named clerics and lay people from outside Rome to several other new consultative bodies were set up with new members from outside Vatican and Rome.

9) Last month Holy Father had announced a new Secretariat of the Economy to oversee the Vatican’s financial affairs. This is the most important change to the Curia since a restructuring was ordered by Pope Paul VI in 1967. Sydney archbishop George PeM will be its head to begin with. He is known for his ruthlessness when it comes to financial discipline. The most difficult task will be the cleaning up of the Institute for the Works of Religion, mostly known as the Bank of Vatican. Vatican Bank has been at the centre of several financial scandals which embarrassed recent popes.

10) Pope Francis is fully aware of the risks and inherent dangers associated with the cleaning up of the Eugene’s stable in Vatican. Yet it seems this Jesuit, non-European Pope is determined to face the inevitable-to be or not to be. The founder *of La Repubblica*, Eugenio Scalfari, who had long conversation plus interview with him, last year, quoted him afterwards as describing the court that forms around a pontiff as “leprosy of the papacy”.

**ഗീതപഠനം**

# ‘തിരുസുതരായ് വരുവാൻ നമ്മെ........’

**വി.പി.**

**ഗീതം :** ‘തിരുസുതരായ് വരുവാൻ നമ്മെ–
അവരുള്ളപ്പോൾ പഠിപ്പിച്ച
താതന്മാരെ കുർബ്ബാനയിലോർക്കേണമിരക്കയിലും.
അഴിവില്ലാത്തൊരു മോക്ഷത്തിൽ
നയവാന്മാരമലന്മാരോ–
ടൊരുമിച്ചാശ്വാസമവർക്കരുളട്ടെ ദൈവസുതൻ.
മോറിയോറാഹേം മേലായ്നൂ ആദാറെൻ’

**ആമുഖം :** വി.കുർബ്ബാനയുടെ നാലാം അദ്ധ്യായത്തിൽ ധൂപപ്രാർത്ഥനകൾ ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി ആലപിക്കപ്പെടുന്ന ഗീതമാണിത്. നമ്മെ വിട്ടു പിരിഞ്ഞ പൂർവ്വികരുടെ ആത്മരക്ഷക്കും ശാന്തിക്കുമായി പുത്രൻ തമ്പുരാനോടുള്ള അപേക്ഷയാണ് ഈ ഗീതത്തിന്റെ ഉള്ളടക്കം. മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ അവരുടെ ആത്മഗുണത്തിനും, അതിലുപരിയായി പ്രാർത്ഥിക്കുന്ന നമ്മുടെ തന്നെ ധന്യജീവിതത്തിനും സംതൃപ്തിക്കും ഉതകുന്നതാണെന്ന വസ്തുത നാം തിരിച്ചറിയണം.

**വാക്കർത്ഥം :**

| | | |
|---|---|---|
| തിരുസുതർ | : | ദൈവമക്കൾ |
| ആയ് വരുവാൻ | : | ആയിത്തീരുവാൻ |
| അവരുള്ളപ്പോൾ | : | അവരുടെ ജീവിതകാലത്ത് (അവർ ജീവിച്ചിരുന്നപ്പോൾ) |
| പഠിപ്പിച്ച | : | അഭ്യസിപ്പിച്ച |
| താതന്മാരെ | : | പിതാക്കൻമാരെ, പൂർവ്വികരെ |
| ഇരക്കയിലും | : | യാചനയിലും |
| അഴിവില്ലാത്ത | : | നാശമില്ലാത്ത, അനന്തമായ |
| മോക്ഷത്തിൽ | : | സ്വർഗ്ഗത്തിൽ |
| നയവ് | : | നീതി, സ്നേഹം, ആദരവ് |
| നയവാന്മാർ | : | നീതിമാന്മാർ |
| മലം | : | അഴുക്ക് , അശുദ്ധി |
| അമലൻമാർ | : | പരിശുദ്ധന്മാർ |
| അരുളട്ടെ | : | നൽകട്ടെ |
| ദൈവസുതൻ | : | പുത്രൻതമ്പുരാൻ |

മൊറിയോറാഹേം മേലായ്നൂ ആദാറെൻ : കർത്താവേ! കൃപചെയ്ത് സഹായിക്കണമേ!

**കൂട്ടർത്ഥം :** നാം ദൈവത്തിന്റെ ഇഷ്ടമക്കളായി തീരത്തക്കവിധം തങ്ങളുടെ ജീവിതകാലത്ത് നമ്മെ അഭ്യസിപ്പിച്ച നമ്മുടെ പൂർവ്വികരെ കുർബ്ബാനയിലും അപേക്ഷകളിലും നമുക്കു സ്മരിക്കാം. അനശ്വരമായ സ്വർഗ്ഗത്തിൽ നീതിമാന്മാർക്കും വിശുദ്ധന്മാർക്കുമൊപ്പം അവർക്ക് പുത്രൻ തമ്പുരാൻ ആശ്വാസം നൽകട്ടെ. കർത്താവേ! കൃപചെയ്ത് ഞങ്ങളെ സഹായിക്കണമേ

**വിശദീകരണം:** നമുക്ക് നല്ല പാഠങ്ങൾ പറഞ്ഞു തരികയും നല്ല മാതൃകകൾ കാണിച്ചു തരികയും ചെയ്ത് നമ്മെ നേർവഴി നടത്തിയ പൂർവ്വികരുടെ ആത്മരക്ഷയ്ക്കും ശാന്തിക്കും വേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യവും അതിനുള്ള കടപ്പാടുമാണ് ഈ ഗീതം വ്യക്തമാക്കുന്നത്. മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും അനുഷ്ഠാനങ്ങളും അവർക്കെന്നപോലെ അവ നിർവ്വഹിക്കുന്നവർക്കും ഗുണകരമായി ഭവിക്കുന്നു. പൂർവ്വികരോടുള്ള നമ്മുടെ ബഹുമാനാദരവുകൾ, നമ്മുടെ പിൻതലമുറക്കാർക്ക് മാതൃകയാകുകയും നാം ജീവനോടെ ഇരിക്കുമ്പോഴും നമ്മുടെ മരണശേഷവും നമ്മെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വിധം അവരുടെ സ്വഭാവത്തെ സ്വാധീനിക്കുകയും ചെയ്യുന്നു. അങ്ങനെയാണ് പരേതരോടുള്ള സ്നേഹാദരപ്രകടനങ്ങൾ ജീവനോടിരിക്കുന്നവർക്കും പ്രയോജനപ്പെടുക.

വൈദ്യം

# മനോരോഗങ്ങൾ മാറാരോഗങ്ങളല്ല

ഡോ.പി.കെ. സുകുമാരൻ

**മാ**നസികാരോഗ്യം ഏറ്റവും സാമൂഹികസംഗതമായ പൊതുജനാരോഗ്യ പ്രശ്നമാണ്. കേരളത്തിൽ നിലനിൽക്കുന്ന അജ്ഞതയും അന്ധവിശ്വാസവും അപക്വമായ ധാരണകളും മൂലം ധാരാളം തെറ്റായ വിശ്വാസങ്ങൾ സമൂഹത്തിൽ രൂഢമൂലമായിട്ടുണ്ട്.

ഈ തെറ്റായ ധാരണകൾ 'മനോരോഗം വരാൻ സാധ്യതയില്ലാത്ത നമ്മൾ', 'ഭ്രാന്തന്മാരായ അവർ' എന്ന അപക്വമായ തരംതിരിവ് സൃഷ്ടിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള അവജ്ഞാമനോഭാവവും നിന്ദാഭരിതമായ കാഴ്ചപ്പാടും വൈദ്യ സഹായം സ്വീകരിക്കാനും അത് ആവശ്യത്തിന് തുടരാനും രോഗിയോട് ആരോഗ്യപരമായ ബന്ധം പുലർത്താനും തടസ്സമാകുന്നു.

മാനസിക രോഗങ്ങളെ സമൂഹത്തിന്റെ നിസ്സഹകരണ മനോഭാവത്തിൽ നിന്ന് രക്ഷിക്കേണ്ടതുണ്ട്. ആ സഹായം സ്കിസോഫ്രീനിയക്കാരനെ സംബന്ധച്ചിടത്തോളം വളരെ വിലപ്പെട്ടതായിരിക്കും. അതദ്ദേഹത്തിന് ആത്മവിശ്വാസം കൂട്ടുകയും രോഗവിമുക്തി വേഗത്തിലാക്കുകയും ചെയ്യും.

സ്കിസോഫ്രീനിയ എന്നാൽ, ഇരട്ടവ്യക്തിത്വമാണെന്ന ധാരണയുണ്ട്. ഇരട്ടവ്യക്തിത്വത്തെപ്പറ്റി മാധ്യമങ്ങളിലും സിനിമകളിലും നിറംപിടിപ്പിച്ച കഥകളുണ്ട്. സ്കിസം എന്ന ജർമ്മൻ വാക്കിന് പിളർന്ന, രണ്ടായ എന്നെല്ലാം അർത്ഥമുണ്ട്. അതനുസരിച്ചാകാം ഇപ്രകാരമുള്ള ധാരണ സമൂഹത്തിൽ വളർന്നത്. സുപ്രസിദ്ധമായ ജാക്കിന്റെയും ജില്ലിന്റെയും കഥകൾ ദ്വന്ദ്വവ്യക്തിത്വങ്ങൾ പ്രകടിപ്പിക്കുന്ന രസകരമായ കഥയാണ്. സ്കിസോഫ്രീനിയ ഒരു നിമിഷം ഒരു വ്യക്തിത്വവും വേറൊരു നിമിഷം മറ്റു വ്യക്തിത്വവും പ്രകടിപ്പിക്കുന്നില്ല. സ്കിസോഫ്രീനിയയിൽ വ്യക്തിത്വത്തിൽ വ്യത്യാസം കാണാറില്ല. സ്കിസോഫ്രീനിയ ഒരേ വിഷയത്തെക്കുറിച്ച് വിപരീതവികാരങ്ങൾ പ്രകടിപ്പിക്കുന്ന രോഗവുമല്ല. ഒരേ വിഷയത്തിൽ വിപരീതഭാവങ്ങൾ സാധാരണ മനുഷ്യരിലും കാണാറുണ്ട്.

പ്രബലമായ വേറൊരു ധാരണ മാനസികരോഗികൾ അപകടകാരികളാണെന്നാണ്. അതിനും അടിസ്ഥാനമൊന്നുമില്ല. ഏതെങ്കിലും അക്രമവാസന അവരിൽ കാണുകയാണെങ്കിൽ അതി മദ്യമോ, മയക്കുവസ്തുക്കളോ കഴിക്കുമ്പോൾ ഉണ്ടാകുന്നതാണ്. ഇപ്രകാരമുള്ള അക്രമസ്വഭാവം സ്കിസോഫ്രീനിയ ഇല്ലാത്തവരിലും മദ്യവും മയക്കുവസ്തുക്കളും കഴിക്കുമ്പോൾ ഉണ്ടാകാറുണ്ട്. സാധാരണ ജനങ്ങളെക്കാൾ അല്പം കൂടുതൽ അക്രമപ്രവണത സ്കിസോഫ്രീനിയയിൽ കാണാമെങ്കിലും മദ്യവും മയക്കുവസ്തുക്കളും ഉപയോഗിച്ചതിന് ശേഷം ഉണ്ടാകുന്ന അക്രമത്തിന്റെ അത്രയും സ്കിസോഫ്രീനിയ മൂലം ഉണ്ടാകാറില്ല. സ്കിസോഫ്രീനിയയിലെ അക്രമം അധികവും സ്വയം നശിപ്പിക്കുന്ന-ആത്മഹത്യയിലേക്ക് നയിക്കുന്ന-അക്രമങ്ങളാണ്.

സ്കിസോഫ്രീനിയ ഒരിക്കലും മാറില്ല എന്നൊരു ധാരണ സമൂഹത്തിനുണ്ട്. ഇതിനും അടിസ്ഥാനമില്ല. നേരത്തെ ഫലപ്രദമായ ചികിത്സ ചെയ്താൽ 20-25% പേരുടെ അസുഖം നിശ്ശേഷം മാറാറുണ്ട്. 60% പേർക്കും രോഗവിമുക്തി ലഭിക്കും.

മനോരോഗം മോശമെന്ന ഉറച്ച ധാരണമൂലം ജനങ്ങൾക്കിടയിൽ പല വിചിത്രമായ പെരുമാറ്റങ്ങൾ കാണാം. പലപ്പോഴും രോഗികളും ബന്ധുക്കളും സൈക്യാട്രിസ്റ്റ് കൊടുക്കുന്ന കുറിപ്പടി കളയുന്നു, പകരം ആ മരുന്ന് വേറെ കടലാസിലെഴുതി വാങ്ങിക്കഴിക്കുന്നു. ചിലരാകട്ടെ സൈക്യാട്രിസ്റ്റിന്റെ പേരുമാത്രം കുറിപ്പിൽ നിന്ന് കീറിക്കളയുന്നു. രോഗിയെ സൈക്യാട്രിസ്റ്റിന്റെ അടുത്ത് കൊണ്ടുവന്നാൽ തന്നെ അദ്ദേഹത്തെ വേറെ എന്തെങ്കിലും പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചും ബോർഡും പേരും കാണിക്കാതെയുമാകും കൊണ്ടുവരിക. ഇത് ഡോക്ടർ രോഗി ബന്ധത്തെ പ്രതികൂലമായി ബാധിക്കുന്നു. സമൂഹ അവമതി സൈക്യാട്രിസ്റ്റുകളുടെ സമൂഹജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ട്. സുഹൃത്തുക്കളും ബന്ധുക്കളും സൗഹൃദസന്ദർശനത്തിനു പോലും സൈക്യാട്രിസ്റ്റിന്റെ അടുത്ത് വരാൻ മടിക്കുന്നു. അവിടെ പോകുന്നവർ മനോരോഗിയെന്ന് മറ്റുള്ളവർ ധരിച്ചാലോ എന്ന ഭയമാണ് ഇവിടെ പ്രശ്നം. ഈ ഗൗരവ തരമായ പ്രശ്നം കണക്കിലെടുത്ത് ചില വികസിത രാജ്യങ്ങളിൽ സൈക്യാട്രിസ്റ്റുകൾക്ക് പ്രത്യേക അലവൻസുകൾ കൊടുക്കുന്നുണ്ട്. സൈക്യാട്രിസ്റ്റിനോട് രോഗവിവരം പറയുമ്പോൾ തന്നെ കാര്യങ്ങൾ വളരെ ലഘൂകരിച്ച് പല വിവരങ്ങളും ഗോപ്യമായി വയ്ക്കാൻ രോഗിയും ബന്ധുക്കളും ഏറ്റവും ശ്രദ്ധിക്കുന്നു. ഇത് കാരണം രോഗനിർണയം പോലും പാളിപ്പോകാൻ ഇടയുണ്ട്. മാനസിക രോഗങ്ങളെക്കുറിച്ചുള്ള അപഖ്യാതി കൂടുതൽ ബാധിക്കുന്നത് സൈക്കോളജിസ്റ്റിനേക്കാൾ സൈക്യാട്രിസ്റ്റിനെയാണ്. ഗതിമുട്ടിയാൽ ഒരു മനോരോഗിയെ സൈക്കോളജിസ്റ്റിനെ കാണിക്കാൻ ബന്ധുക്കൾ തയ്യാറായേക്കും. റോഡിൽ അലഞ്ഞു തിരിയുന്ന വളരെ പഴക്കമേറിയ സ്കിസോഫ്രീനിയ രോഗിയെ സൈക്കോളജിസ്റ്റിനെ കാണിച്ച് ഒന്ന് ഹിപ്നോട്ടൈസ് ചെയ്ത് രോഗം മാറ്റുവാൻ, ബന്ധുക്കൾ ആഗ്രഹിക്കുന്നു. അഭ്യസ്ഥവിദ്യരിൽ പോലും കാണുന്ന ധാരണയാണിത്.

മാനസിക രോഗമെന്ന ഈ അവമതി മൂലം പലപ്പോഴും സൈക്കോസിസ് വിഭാഗത്തിൽ പെട്ട ഗുരുതര രോഗങ്ങൾ പോലും ന്യൂറോളജിസ്റ്റിനെയും സൊമാറ്റൈസേഷൻ എന്ന ഏതെങ്കിലും അവയവ സംബന്ധിയായ ലക്ഷണങ്ങൾ ഉള്ള രോഗങ്ങളെ ലക്ഷണമനുസരിച്ച് കാർഡിയോളജിസ്റ്റ് ഗ്യാസ്ട്രോ എന്ററോളജിസ്റ്റ് തുടങ്ങിയവരേയും കാണിച്ചുമാണ് ചികിത്സിക്കുന്നത്. അതുപോലെ മാനസിക കാരണങ്ങൾ ബന്ധുക്കൾക്ക് ഏതാണ്ട് വ്യക്തമാണെങ്കിൽ മന:ശാസ്ത്രജ്ഞനാണ് ആദ്യം സ്വീകരിക്കപ്പെടുക. ഈ പ്രവണത മൂലം രോഗിയ്ക്ക് ഏറ്റവും ശാസ്ത്രീയ രോഗനിർണയവും ചികിത്സയും ലഭിക്കുന്നില്ല.

മനോരോഗത്തിന് മറ്റ് ഭാഷകളിലെപ്പോലെ മലയാളത്തിലും അവമതി കൽപിക്കപ്പെടുന്ന വാക്കുകൾ ഉണ്ട്. ഭ്രാന്ത്, കിറുക്ക്, വട്ട്, പിരി, പിരിലൂസ്, അഞ്ചുപൈസ കുറവ് എന്നിവ. മാത്രമല്ല സുപ്രസിദ്ധ മാനസിക കേന്ദ്രങ്ങളുള്ള കോഴിക്കോട്ടെ കുതിരവട്ടം, ജാർക്കണ്ഡിലെ കാങ്കെ എന്നീ സ്ഥലപേരുകൾക്കും സമൂഹത്തിൽ ഇപ്രകാരം ഹാസ്യധ്വനികളുണ്ട്. ചെറിയകുട്ടികൾക്ക് മാനസിക രോഗം വരില്ല. ഇതൊരു ഗുരുതരമായ തെറ്റിദ്ധാരണയാണ്. ഗൗരവമമായ പല മാനസിക രോഗങ്ങളും കുട്ടിക്കാലത്താണ് ആരംഭിക്കുന്നത്. അത് നേരത്തെ മനസ്സിലാക്കി പരിഹാരം കാണേണ്ടത് ഭാവിയിലെ ആ കൊച്ചു വ്യക്തിയുടെ ആരോഗ്യത്തിന് അനിവാര്യമാണ്. പാരമ്പര്യം, ചുറ്റുപാട്, മാതാപിതാക്കളുടെ വഴക്ക്, മദ്യപാനം, വിദ്യാഭ്യാസ സമ്മർദ്ദം എന്നിവ കുട്ടികളെ മാനസികമായി ധാരാളം കുഴയ്ക്കുന്നുണ്ട്.

ആധുനിക വൈദ്യശാസ്ത്രം ഇന്ത്യയിൽ പ്രചരിച്ച കാലം മുതൽ അത് ഇംഗ്ലീഷ് മരുന്നാണെന്നും ഇറക്കുമതി ചരക്കാണെന്നും ധാരണ പരക്കുകയും സ്വാതന്ത്ര്യ സമര പ്രചാരണവുമായി ചേർത്ത് വിദേശ വൈദ്യശാസ്ത്രമെന്ന ചെല്ലപ്പേരാൽ അധോഗതി പ്രാപിക്കുകയുമുണ്ടായി. അപ്രകാരം ഗാന്ധിജി ആധുനികമായതെല്ലാം പാശ്ചാത്യമെന്ന് വിലയിരുത്തി ആധുനിക വൈദ്യശാസ്ത്രത്തെ വിമർശിച്ചിരുന്നു. ആധുനിക മരുന്നുകളോട് വിപ്രതിപത്തി വളരാൻ ഇത് ഒരു കാരണമായിട്ടുണ്ട്.

മാനസിക രോഗം മഹാനാണക്കേടാണ്. അതുകൊണ്ട് എന്റെ വീട്ടിലോ ബന്ധുക്കൾക്കോ അത് വരില്ല. ഈ അപഖ്യാതി ധാരണ വളരെ അപകടകരമാണ്. ഇതുമൂലം രോഗനിർണയം, ചികിത്സ, എന്നിവ രോഗിയും കുടുംബവും സമൂഹവും അംഗീകരിക്കുകയില്ല. അതുമൂലം മാനസിക രോഗ വിദഗ്ധനെ കാണുന്നതിനു പകരം ന്യൂറോളജിസ്റ്റ്, കാർഡിയോളജിസ്റ്റ് തുടങ്ങിയ സൂപ്പർ സ്പെഷ്യലിസ്റ്റുകളെയും ഹിപ്നോട്ടിസ്റ്റുകളെയും കാണുന്നു. മന്ത്രവാദം തുടങ്ങിയവയിലും രോഗി കുടുങ്ങി വിലപ്പെട്ട സമയവും പണവു നഷ്ടപ്പെടുത്തുന്നു. മനോരോഗത്തിന് പലപ്പോഴും അപക്വമായ ചികിത്സ കിട്ടുന്നു. സൈക്യാട്രി നിർദ്ദേശിക്കുന്ന കാലത്തോളം ശരിയായ ഡോസിൽ മരുന്നു കഴിക്കില്ല. സൈക്യാട്രിസ്റ്റിനെ കാണുന്നതു തന്നെ മോശമായി കരുതുന്നതുകൊണ്ട് പലരും രാത്രി പാത്തും പതുങ്ങിയുമാണ് കാണാൻ വരുന്നത്. പലപ്പോഴും ഒരാൾക്ക് രോഗമുണ്ടെന്നറിഞ്ഞാൽ ആ വീട്ടിൽ നിന്നുമുള്ള വിവാഹം പോലും മുടങ്ങാറുണ്ട്.

മനോരോഗം മഹാമോശം എന്ന മനോഭാവം മൂലം പട്ടണങ്ങളിലുള്ള മാനസികചികിത്സാകേന്ദ്ര സ്ഥലങ്ങളിൽ അധികാരികളായ രാഷ്ട്രീയ നേതാക്കൾ കണ്ണുവയ്ക്കാറുണ്ട്. ഈ രോഗം മോശമായതുകൊണ്ട് തങ്ങൾക്കും കുടുംബത്തിനുമൊപ്പം ആ വക സ്ഥാപനങ്ങളുടെ സേവനം ഒട്ടും ആവശ്യം വരില്ല. അതുകൊണ്ട് ഈ വിശാലമായ കണ്ണായ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയാം. രോഗികളെ വളരെ ദൂരെ എവിടെയെങ്കിലും ഒരു കെട്ടിടം പണിത് അങ്ങോട്ട് മാറ്റാം എന്ന് ചിന്തിക്കുന്നവരുണ്ട്.

മിക്ക മാനസിക രോഗങ്ങളും മാറാരോഗങ്ങളാണ് എന്നാണ് വേറൊരു ധാരണ. തിരുവനന്തപുരം മാനസിക രോഗകേന്ദ്രത്തിന് ആരംഭത്തിലുള്ള പേര് മാറാരോഗികളുടെ ആശുപത്രി (Hospital for the Incurables) എന്നായിരുന്നു. ഏതാനും ദശകങ്ങളായുള്ള ഗവേഷണഫലമായി ആധുനിക ഔഷധങ്ങൾ കൊണ്ട് നേരത്തെ ചികിത്സ ആരംഭിച്ചാൽ മിക്ക രോഗങ്ങളും സുഖപ്പെടുന്നതാണ്.

## CORRECTION CORNER

വി. കുർബ്ബാന ക്രമത്തിലെ മൂന്നാം അദ്ധ്യായത്തിന്റെ ആദ്യഭാഗം തുബ്ദേനുകൾ (മദ്ധ്യസ്ഥ പ്രാർത്ഥനകൾ) ആണല്ലോ. അഞ്ചാം തുബ്ദേനിൽ നാം നിദ്രപ്രാപിച്ച ആത്മീയ പിതാക്കന്മാരേയും മല്പാന്മാരേയും സ്മരിച്ച് അവരുടെ മദ്ധ്യസ്ഥത യാചിക്കുന്നു. അനേകം വിശുദ്ധരെ ഓർക്കുന്ന കൂട്ടത്തിൽ ചിലരുടെ സേവനങ്ങളെ വിശേഷണരൂപത്തിൽ എടുത്തു പറയുന്നുണ്ട്. മാർ കൂറിലോസ് പിതാവിന്റെ ആദ്യവിശേഷണം 'വചനമാം ദൈവം ശരീരിയായിത്തീർന്നു എന്ന് നമ്മുടെ കർത്താവേശു മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും' എന്നാണ്. ഈ പ്രയോഗത്തിൽ വളച്ചുകെട്ടൽ എന്ന ഭാഷാന്യൂനതയുണ്ട്. വാക്യത്തിന്റെ അനാവശ്യദൈർഘ്യം നിമിത്തം ഗ്രാഹ്യത നഷ്ടമാകുന്ന ഭാഷാവൈകല്യമാണിത്. തെളിയിച്ച വസ്തുതയെന്തെന്ന് നേരെ പറയുന്നതാണ് 'കുറിച്ച് തെളിയിച്ച' എന്നതിനേക്കാൾ ഋജുവും ശുദ്ധവുമായ പ്രയോഗം. അതുകൊണ്ട് 'നമ്മുടെ കർത്താവേശുമിശിഹായുടെ മനുഷ്യാവതാരം വചനമാം ദൈവത്തിന്റെ ജഡധാരണമായിരുന്നു എന്നു സ്പഷ്ടമായി തെളിയിച്ചവനും' എന്ന് വക്രത കൂടാതെ പറയുന്നതാണ് കൂടുതൽ വ്യക്തവും ശരിയും. ഡയോസിസൻ പബ്ലിക്കേഷൻ ഇറക്കിയ കുർബ്ബാനക്രമത്തിൽ ഈ പ്രയോഗമാണുള്ളത്.

*തിരുവചന ധ്യാനം*

# ഓർത്തഡോക്സ് സഭയിൽ കുർബ്ബാനക്ക് പണമോ?

(ഉല്പത്തി 14:18-20)

ഫാ.ഗീവർഗ്ഗീസ് കെ.കുന്നംകുളം

**ആമുഖം**

കഴിഞ്ഞ ഏതാനും മാസം മുമ്പ് കെ.എസ്.ആർ.റ്റി.സി. ബസ്സിൽ നീണ്ട ഒരു യാത്ര നടത്തുകയായിരുന്നു ഈ ലേഖകൻ. ഒരു സ്റ്റോപ്പിൽ ബസ്സ് എത്തിയപ്പോൾ വൃത്തിയായ വെള്ള ജുബ്ബയും, കറുത്തകരയുള്ള വെള്ള മുണ്ടും, സ്വർണ്ണഫ്രെയിമുള്ള കണ്ണടയും ധരിച്ച ഒരു ചെറുപ്പക്കാരൻ ബസ്സിൽ കയറിവന്നു. സീറ്റ് വേറേയും ഉണ്ടായിരിക്കെ ഈ ചെറുപ്പക്കാരൻ ഞാൻ ഇരിക്കുന്ന സീറ്റിനരികെ വന്നിരുന്നു. ഒറ്റ നോട്ടത്തിൽ എനിക്കദ്ദേഹത്തോട് മതിപ്പും ആദരവും തോന്നി. അതുപോലെ അദ്ദേഹത്തിന് എന്നോടും തോന്നിയെന്ന് വിശ്വസിക്കുന്നു. അല്പം മൗനത്തിന് ശേഷം അദ്ദേഹം എന്നോട് സംസാരിക്കുവാൻ തുടങ്ങി. നാട്, വീട്, പള്ളി, സഭ, വിവാഹിതനാണോ, അല്ലയോ എന്നിങ്ങനെ കുറെ ചോദ്യങ്ങൾക്ക് ശേഷം അദ്ദേഹം തന്റെ വിഷയത്തിലേക്ക് കടന്നു. "സഭയിൽ ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ എന്തിനാ പണം വാങ്ങുന്നത്? ഞങ്ങളുടെ ഹോളിൽ ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക സൗജന്യമാണ്." പെട്ടെന്ന് ഒരു മറുപടി മനസ്സിൽ ഉദിച്ചു. അറിവില്ലാത്തതുകൊണ്ട് ഒരു ബാലിശമായ മറുപടിയായിരുന്നു. "നിങ്ങളുടെ ഹോളിൽ കുർബ്ബാനയില്ലല്ലോ. ഞങ്ങളുടെ പള്ളിയിൽ കുർബ്ബാനയ്ക്കല്ലേ പണം വാങ്ങുന്നത്." തല്ക്കാലം ഞാൻ രക്ഷപ്പെട്ടു എന്ന് വിചാരിച്ചു. പക്ഷെ ഉപദേശി വിട്ടില്ല. ഉടനെ അടുത്ത വാദം. "ഞങ്ങളുടെ ഹോളിൽ ആരാധന എന്ന് പറയും നിങ്ങൾ കുർബ്ബാനയെന്ന് പറയും. രണ്ടും തത്വത്തിൽ ഒന്നു തന്നെയല്ലേ? അതുകൊണ്ട് നിങ്ങളുടെ കുർബ്ബാന അല്ലെങ്കിൽ ആരാധന ജനങ്ങൾക്ക് സൗജന്യമായി ചെയ്തു കൊടുത്തുകൂടെ?" ഒരു നിമിഷം ഞാൻ തരിച്ചിരുന്നു. മറുപടി പറയാൻ ലഭിക്കുന്നില്ല. ബസ്സിന് ഫുൾടിക്കറ്റ് എടുത്തതല്ലേ ? ഉദ്ദേശം 20 രൂപയുടെ വഴി കൂടെ ബാക്കിയുണ്ട്. പണം നഷ്ടപ്പെട്ടാലും, അഭിമാനം നഷ്ടമാകരുതെന്ന് തീരുമാനിച്ച് അടുത്ത സ്റ്റോപ്പിൽ ഞാനിറങ്ങി. ബസ് ഓടികൊണ്ടിരുന്നു. ബസ്സിനെ നോക്കി പണം നഷ്ടപ്പെടുത്തിയ ഉപദേശിയെ ശപിച്ചു. ആ ഉപദേശി ബസ്സിൽ ഇരുന്ന് പുഞ്ചിരിച്ചു കാണണം....!

അടുത്ത ബസ്സിൽ കയറി യാത്ര തിരിച്ചു. അപ്പോഴും എന്റെ മനസ്സ് മന്ത്രിച്ചു. ഓർത്തഡോക്സ് സഭയിൽ കുർബ്ബാനക്ക് പണമോ!

ഈ ചോദ്യം എന്നോട് തന്നെ പലതവണ ചോദിച്ചു. ഉത്തരം കിട്ടിയില്ല. അതുകൊണ്ട് ഈ അപകടം എന്റെ സഭയിൽ എന്നല്ല പൗരാണികമായ ഒരു സഭയിലെ ജനങ്ങൾക്കും ഉണ്ടാകാതിരിക്കുവാൻ ഈ ലേഖനം എഴുതുന്നു. ഇത് കുറ്റമറ്റതാണെന്ന് വിശ്വസിക്കുന്നില്ല. ആധികാരികമാണെന്നും. ആധികാരികമായി പറയുവാൻ എനിക്ക് യോഗ്യത ഉണ്ടെന്നും തോന്നുന്നില്ല. ഒരു എൽ.കെ.ജി.വിദ്യാർത്ഥിയുടെ സ്ഥാനത്ത് നിന്ന് ചിന്തിക്കുന്നു എന്ന് മാത്രം.

**ആമുഖപഠനം**

നമ്മുടെ ആളുകളുടെ പലരുടെയും ധാരണ നമ്മുടെ പള്ളിയിൽ നടക്കുന്ന വി.കുർബ്ബാനയുടെ (ആരാധനയുടെ) തനിപകർപ്പാണ് അല്ലെങ്കിൽ വേറൊരു രൂപമാണ് അവരുടെ കൂട്ടായ്മ എന്നാണ്. അതുകൊണ്ട് പെന്തികോസ്തി വിഭാഗങ്ങളുടെ മാത്രമല്ല നമ്മുടെ സഭാംഗങ്ങളായ പല ഉന്നതരുടെയും നേതൃത്വത്തിൽ നടക്കുന്ന സ്വതന്ത്രകൂട്ടായ്മകൾക്കും അവർ ആരാധന എന്ന് പേര് കൊടുത്ത് സഭാംഗങ്ങളെ വശീകരിച്ചുകൊണ്ടിരിക്കുന്നു. ആയതിന് പ്രോത്സാഹനം എന്ന നിലയിലാകാം. നമ്മുടെ പല പള്ളികളിലും ബോർഡ് വെച്ചിട്ടുണ്ട്. അതിൽപോലും കുർബ്ബാന എന്ന വാക്കിന് പകരം പരിഷ്ക്കാരമുള്ള വാക്ക് എന്ന ധാരണയിൽ ആരാധന എന്ന പേര് കൊടുത്തു വരുന്നു. ഞാൻ ഈ അടുത്ത കാലത്ത് ഒരു പള്ളി സന്ദർശിക്കുവാൻ ഇടയായി. ആ പള്ളിയിലെ ബോർഡ് ശ്രദ്ധിക്കുക!

ഞായറാഴ്ച ആരാധന 8 എ.എം.

ഇടദിവസം ആരാധന 6.30 എ.എം.

ആ പള്ളിയുടെ തൊട്ടടുത്ത് സ്വതന്ത്ര കൂട്ടായ്മ നടക്കുന്ന ഹോളുണ്ട്. അവിടത്തെ ബോർഡ് ശ്രദ്ധിക്കുക

ഞായറാഴ്ച ആരാധന 9.30 എ.എം.

വെള്ളിയാഴ്ച സാക്ഷിയോഗാരാധന 8.00 എ.എം. പാവപ്പെട്ട ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ നമ്മൾ പോലും തെറ്റായപദം ഉപയോഗിച്ചുകൊണ്ട് ഇവിടെയായാലും , അവിടെയായാലും കുഴപ്പമില്ല എന്ന ധാരണ ജനങ്ങളിൽ ഉളവാക്കുന്നു. അതുകൊണ്ട് വി.വേദപുസ്തക പ്രകാരം വാക്കിലെ ശരി തെറ്റിലേക്ക് കടക്കാതെ രണ്ടും ഒന്നാണോ എന്നും, വ്യത്യാസം ഉണ്ടെങ്കിൽ അതു എത്ര വലുതാണെന്നും പഠിക്കുവാൻ ഈ ലേഖനം ഉപകരിക്കും എന്നു കരുതുന്നു.

വി.കുർബ്ബാന കേവലം പ്രാർത്ഥനയോ, ആരാധനയോ അല്ല. അത് പാപപരിഹാരബലിയാണ്. ലേവ്യ പുസ്തകം 16-ാം അദ്ധ്യായം 11-29 വരെയുള്ള വാക്യങ്ങളിൽ പഴയനിയമകാലത്തുള്ള പാപപരിഹാരബലിയെ കുറിച്ച് പറയുന്നുണ്ട്. പാപ പരിഹാരബലി യിസ്രായേൽ മക്കൾക്ക് വേണ്ടി യഹോവ (പിതാവാം ദൈവം) കല്പിച്ചതാണെങ്കിൽ പുതിയ നിയമത്തിലെ വി.ബലി കല്പിച്ചത് യേശുക്രിസ്തു (പുത്രനാം ദൈവം) ആണെന്ന് ഓർക്കുക. ആയതുകൊണ്ട് വി.കുർബ്ബാന പാപപരിഹാര ബലിയാണെന്ന് അറിയണം. യോഹന്നാൻ 6:52 - 58 വായിക്കുക. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ചുരുക്കി പറഞ്ഞാൽ വി.കുർബ്ബാനയിലൂടെ ക്രിസ്തുവിന്റെ ശരീരം നമ്മുടെ ശരീരത്തിലേക്ക് അലിഞ്ഞു ചേരുകയാണ്. തന്മൂലം നാം ക്രിസ്തുവിൽ വസിക്കുകയും ക്രിസ്തു നമ്മിൽ വസിക്കുകയും ചെയ്യുന്നു. രൂപാന്തരം നമ്മിൽ ഉണ്ടാകുന്നു. കൂട്ടായ്മ യോഗങ്ങളിൽ ഈ വ്യത്യാസം ഉണ്ടാകാറുണ്ടോ? കൂട്ടായ്മ യോഗം ആരാധനയായിരിക്കാം. അത് വി. കുർബ്ബാനയല്ല. ക്രിസ്തുവിന്റെ ശരീരവും നമ്മുടെ ശരീരവും ഒന്നായിതീരുന്ന പ്രക്രിയ അതിൽ നടക്കുന്നില്ല. നടക്കുവാൻ പോകുന്നുമില്ല. ക്രൂശിൻമേൽ കിടന്ന് ക്രിസ്തുവിനോടുള്ള ഏറ്റു പറച്ചിലിൽ ക്രിസ്തുവിന്റെ ശരീരവും രക്തവും വലത്ത് ഭാഗത്തെ കള്ളൻ സ്വീകരിച്ചതായി കണക്കാക്കികൊണ്ടായിരിക്കാം ക്രിസ്തു അവന് "നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ഇരിക്കും." എന്നു വാക്ക് കൊടുത്തത്. വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന (വി. കുർബ്ബാന അനുഭവിക്കുന്ന) നമുക്കും ഈ ലോകത്തിൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതുപോലെ ആത്മലോകത്തിലും) ക്രിസ്തുവിനോടുകൂടെ ആയിരിക്കാനുള്ള അവകാശം ലഭിക്കുന്നു. ഉത്തരം കണ്ടുപിടിക്കുക. നമ്മുടെ കുർബ്ബാനയും മറ്റുള്ളവരുടെ ആരാധനയും ഒന്നാണോ? സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പം ഞാനാകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. യോഹ 6:51 വി. കുർബ്ബാനയിലൂടെ നിത്യജീവൻ ലഭിക്കുന്നു. എന്ന് ഈ വാക്യം പഠിപ്പിക്കുന്നു. അതുകൊണ്ടാണ് വി.കുർബ്ബാന അമർത്യതയ്ക്കുള്ള ഔഷധമാണെന്ന് അന്ത്യോഖ്യായിലെ ഇഗ്നാത്തിയോസ് പിതാവ് എ.ഡി. ഒന്നാം നൂററാണ്ടിൽ സഭയെ പഠിപ്പിച്ചത്. യേശുക്രിസ്തു തന്റെ ശരീരം ഭക്ഷിച്ച് നിത്യജീവൻ ഉണ്ടാകണമെന്ന ആഹ്വാനം നൽകുന്നതിനേക്കാൾ നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകനും, രാജാവുമായ ദാവീദ് ആഹ്വാനം ചെയ്തത് ശ്രദ്ധിക്കുക. "യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ" (സങ്കീർത്തനം 34:8) തിരുവചനത്തിൽ നിന്ന് കേട്ടറിയുന്നത് നല്ലത്. ഗാനങ്ങളിൽ കൂടി പാടി കേൾക്കുന്നത് നല്ലത്. പക്ഷെ അതിനേക്കാൾ മുമ്പായി കണ്ടറിയുക, സ്പർശിച്ചറിയുക, രുചിച്ചറിയുക. ഇതാണ് പൗരാണീകസഭകളുടെ വി. കുർബ്ബാന. പൗരാണിക സഭകൾ പരി. ത്രോണോസിൽ ക്രിസ്തുവിനെ കാണുന്നു. വായ്കൊണ്ട് സ്പർശിക്കുന്നു. നാക്കുകൊണ്ട് രുചിക്കുന്നു.

### പഴയ നിയമത്തിലെ പാപപരിഹാര ബലി

പഴയനിയത്തിന്റെ ആരംഭം മുതൽ അതായത് ആദം ഹവ്വാ മാതാപിതാക്കളുടെ കാലം മുതൽ മൃഗബലിയും അതുപോലുള്ള ഹോമബലി മുതലായ ബലികളും കാണുവാൻ കഴിയും. ഉല്പത്തി 3:21 . യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യക്കും തോലുകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു. ഈ ഭാഗത്ത് ഒരു മൃഗബലി നടന്നതായി ഊഹിക്കാം. തുടർന്ന് വായിക്കുമ്പോൾ കായേന്റേയും, ഹാബേലിന്റേയും ഭാഗത്ത് വരുമ്പോൾ ഉല്പത്തി പുസ്തകം 4-ാം ആദ്ധ്യായത്തിൽ യഹോവാക്ക് വഴിപാട് രണ്ടുപേരും സമർപ്പിച്ചു. കായീൻ തന്റെ കൃഷിയിൽ നിന്ന് വിശേഷമായത് സമർപ്പിച്ചപ്പോൾ ഹാബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ അവയുടെ മേദസിൽ നിന്നുതന്നെ ഒരു വഴിപാട് കൊണ്ടുവന്നു. (ഉല്പത്തി 4:4) അവിടേയും വിശേഷപ്പെട്ട വസ്തുക്കളേക്കാൾ ബലി വസ്തു യഹോവയ്ക്ക് പ്രിയപ്പെടുന്നതായികാണാം. വീണ്ടും ഉല്പത്തി പുസ്തകം 8-ാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ നോഹയുടെ കാലത്തെ ജലപ്രളയത്തിന് ശേഷം നോഹ യഹോവായ്ക്ക് ഹോമയാഗം അർപ്പിച്ചു. ഹോമയാഗത്തിന്റെ സൗരഭ്യ വാസന മണത്തപ്പോൾ യഹോവ മനസിൽ അരുളിചെയ്തത് ശ്രദ്ധിക്കുക. 21-ാം വാക്യം. "ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല." ഇത്രയും സ്തോത്ര ബലിയെകുറിച്ചാണ് അഥവാ യഹോവായെ പ്രസാദിപ്പിക്കുന്ന ബലിയെകുറിച്ചാണ് അഥവാ യഹോവയെ പ്രസാദിപ്പിക്കുന്ന ബലിയെകുറിച്ചാണ് ചിന്തിച്ചത്. എന്നാൽ ഇയ്യോബിന്റെ പുസ്തകം 42-ാം അദ്ധ്യായം 7,8,9 വാക്യങ്ങളിൽ തന്റെ സ്നേഹിതരുടെ പാപ പരിഹാരത്തിന് വേണ്ടി ഇയ്യോബ് മൃഗബലി നടത്തുന്നതും ആ ബലി യഹോവായുടെ നിർദ്ദേശപ്രകാരമെന്നും യഹോവ ആ ബലി അംഗീകരിച്ച് ഇയ്യോബിന്റെ സ്നേഹിതർക്ക് പാപ പരിഹാരം നൽകുന്നതായും കാണാം. ഇത്തരത്തിൽ പഴയനിയമം പഠിക്കുമ്പോൾ ബലി യഹോവയുടെ നിർദ്ദേശപ്രകാരമായിരുന്നു എന്ന് കാണാം. ആമുഖപഠനത്തിൽ ലേവ്യാ പുസ്തകം 16-ാം അദ്ധ്യായത്തിലും അതുപോലെയുള്ള മറ്റ് ഭാഗങ്ങളിലും പാപ പരിഹാര ബലിയെകുറിച്ച് വ്യക്തമായ സൂചനകൾ ഉണ്ട്. ജനത്തിന്റെ പാപ പരിഹാരത്തിന് വേണ്ടി ബലി മൃഗങ്ങളെ പുരോഹിതന്റെ അടുത്ത് ദേവാലയത്തിൽ കൊണ്ടു വരികയും മനുഷ്യന്റെ പാപം മൃഗത്തിൻമേൽ ആവസിപ്പിക്കുകയും മനുഷ്യന്റെ പാപം

ചുമന്നു നില്ക്കുന്ന ആ മൃഗത്തെ യഹോവയ്ക്ക് വേണ്ടി ബലി അർപ്പിക്കുകയും ആ ബലി മൂലം മനുഷ്യന്റെ പാപം ക്ഷമിക്കപ്പെടുകയും ചെയ്യുന്ന പതിവായിരുന്നു യഹൂദൻമാരുടെ ഇടയിൽ ഉണ്ടായിരുന്നത്. എന്നാൽ ആ പതിവ് നിർത്തലാക്കുന്നതിനും, ഊമ ജന്തുക്കളുടെ ബലിയിൽ നിന്ന് മനുഷ്യന് എന്നേക്കുമായി വിടുതൽ നൽകുന്നതിനുമായി യോഹന്നാൻ സ്നാപകൻ വിളിച്ചു പറയുന്ന ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് സ്വർഗ്ഗാധി സ്വർഗ്ഗങ്ങളിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങി വന്ന് എല്ലാവരുടേയും പാപത്തെ വഹിച്ച് ബലിയായി തീർന്നു. ക്രിസ്തു ലോകത്തിന്റെ പാപത്തെ വഹിച്ച് ഒരിക്കൽമാത്രം ബലിയായി തീർന്നു. ഇടക്കിടക്ക് ഓരോരുത്തരുടെയും, ഇനി ജനിക്കുവാനുള്ളവരുടേ യും പാപങ്ങൾക്ക് പരിഹാരമായി വീണ്ടും ബലിയായി തീരുവാൻ സാധ്യമല്ലല്ലോ. ആയതുകൊണ്ടും, തന്റെ കല്പന പ്രകാരവും, ഗോഗുൽ ത്തായിൽ നടന്ന തിരുബലിയാകുന്ന കൂദാശയുടെ തുടർച്ചയായ കൂദാശയാണ് വി.കുർബ്ബാന. അല്ലാതെ വെറും ആരാധനയല്ല. ഒരു കർമ്മം മാത്രമല്ല. ഒരു പ്രാർത്ഥനയല്ല. അതൊരു തിരുബലിയാണ്.

### പുതിയ നിയമത്തിലെ പാപപരിഹാര ബലി

പഴയ നിയമത്തിലെ പാപപരിഹാരബലിയിൽ മനുഷ്യർക്ക് വേണ്ടി പാവം മൃഗങ്ങൾ ബലിയായി തീർന്നിരുന്നുവല്ലോ. ആ മൃഗങ്ങൾ മനുഷ്യരുടെ പാപങ്ങൾ ചുമന്ന് ബലിയായി തീരുന്നു. ഈ ബലി നിർത്തലാക്കികൊണ്ട് ത്രിയേക ദൈവം തന്റെ ഏക ജാതനായ പുത്രനെത്തന്നെ മനുഷ്യരുടെ പാപപരിഹാരത്തിന് വേണ്ടി ബലിയായി തീരുവാൻ ലോകത്തിലേക്കയച്ചു. അങ്ങനെ ക്രിസ്തു ഒരിക്കലായി മനുഷ്യർക്ക് വേണ്ടി ബലിയായി തീരുകയും ചെയ്തു.

ഇങ്ങനെ സ്വയം ബലിയായിതീരുന്നതിന് മുമ്പെ താൻ തന്റെ തിരുബലി കൂദാശയിൽക്കൂടി സ്വന്തം രക്തശരീരങ്ങൾ ലോകത്തിലെ എല്ലാവർക്കും രക്ഷക്ക് വേണ്ടി നൽകുകയും ചെയ്തു. ലൂക്കോസ് 22: 19,20 ശ്രദ്ധിക്കുക. പിന്നെ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. ഇത് നിങ്ങൾക്ക് വേണ്ടി നൽകുന്ന എന്റെ ശരീരം. എന്റെ ഓർമ്മക്കായി ഇത് ചെയ്വിൻ എന്ന് പറഞ്ഞു. അങ്ങനെ തന്റെ കഷ്ടാനുഭവത്തിന്റെ ഒരു ദിവസം മുമ്പ് അപ്പ വീഞ്ഞുകൾകൊണ്ടുള്ള പാപപരിഹാരബലി ക്രിസ്തു സ്ഥാപിച്ചു. ഇപ്രകാരം ചെയ്യുവിൻ എന്ന് ശിഷ്യന്മാരെ ഭരമേല്പിച്ചു. ഈ അപ്പ വീഞ്ഞുകൾ ഉപയോഗിച്ചുള്ള ബലിയുടെ മുൻകുറിയാണ് ഉല്പത്തി 14:18,19,20 ശാലേം രാജാവായ മൽക്കിസദേക്ക് അപ്പവും, വീഞ്ഞും കൊണ്ടു വന്ന് അബ്രഹാമിനെ ഏതിരേറ്റതും അബ്രഹാം അവന് സകലത്തിലും ദശാംശം കൊടുത്തതും. അങ്ങനെ ക്രിസ്തു സ്ഥാപിച്ച വി. ബലിയാണ്, തന്റെ കാൽവറി ക്രൂശിലെ ബലിയാകുന്ന കൂദാശയുടെ തുടർച്ചയാണ്, ഇന്ന് സഭയിൽ അർപ്പിക്കപ്പെടുന്ന വി. കുർബ്ബാന, അഥവാ പുതിയ നിയമത്തിലെ പാപപരിഹാരബലി. ഈ ബലി–കുർബ്ബാന–പഴയനിയമത്തിലെ മൃഗബലിയുടെ തുടർച്ച അല്ലെങ്കിലും അവതമ്മിൽ ചില സാദൃശ്യങ്ങൾ കാണുവാൻ കഴിയും. ആദിമസഭയിൽ വി. ബലിക്കുള്ള വസ്തുക്കൾ (അപ്പവും വീഞ്ഞും) വീടുകളിൽ നിന്ന് കൊണ്ടു വരുന്ന പതിവായിരുന്നു. ഈ ബലി വസ്തുക്കൾ പട്ടക്കാരൻ സ്വീകരിച്ച് അവരെ അനുഗ്രഹിച്ച് അവർക്കുവേണ്ടി വി.കുർബ്ബാന (പാപപരിഹാരബലി) അർപ്പിച്ചിരുന്നു. ബാക്കി വരുന്ന അപ്പ വീഞ്ഞുകളിൽ കുറെ അപ്പം മറ്റുള്ളവർക്ക് വഴിപാടായി കൊടുത്തിരുന്നു. അതാണ് ഇന്ന് ബർക്ക്സാ എന്ന പേരിൽ ശുശ്രൂഷക്കാരൻ വിതരണം ചെയ്യുന്നത്. (ഇന്ന് ആ പതിവ് പല പള്ളികളിലും കാണാനില്ല. ഔദ്യോഗികമായി നിർത്തിയതല്ല. (ശുശ്രൂഷക്കാരൻ അസൗകര്യം കൊണ്ടോ മടികൊണ്ടോ കൂടുതൽ ഉണ്ടാക്കുന്നില്ലെന്ന് മാത്രം.) ബാക്കിയുള്ള അപ്പ വീഞ്ഞുകൾ പട്ടക്കാരുടെ ഉപജീവനത്തിന് വേണ്ടി മാറ്റി വെക്കുന്നു. തിരുവചനം ശ്രദ്ധിക്കുക! മെതിക്കുന്ന കാളക്ക് മുഖകൊട്ട കെട്ടരുത് എന്ന് മോശയുടെ ന്യായപ്രമാണത്തിൽ പറയുന്നു. 1 കോരന്തി. 9:9 തിലും മെതിക്കുന്ന കാളക്ക് മുഖകൊട്ട കെട്ടരുത് എന്ന് തിരുവെഴുത്ത് പറയുന്നു. വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ എന്നും ഉണ്ടല്ലോ 1 തീമത്തിയോസ് 5:18 ഈ രണ്ടു വാക്യങ്ങളും വി. പൗലോസ് ശ്ലീഹാ മോശയുടെ ന്യായപ്രമാണം ഉദ്ധരിച്ച് എഴുതിയതാകുന്നു. ശ്രദ്ധിക്കുക! കാള മെതിക്കുമ്പോൾ അതിന് മുഖക്കൊട്ട കെട്ടരുത്. ആവർത്തനം 25:4 വീണ്ടും ദേവാലയ കർമ്മങ്ങൾ നടത്തുന്നവർ ദേവാലയം കൊണ്ട് ഉപജീവിക്കുന്നു എന്നും, യാഗപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നവർ യാഗപീഠത്തിന്റെ വഴിപാടുകളിൽ ഓഹരിക്കാർ എന്നും നിങ്ങൾ അറിയുന്നില്ലയോ? (1 കോരി. 9:13.)

പിന്നീട് സഭ വളർന്നതനുസരിച്ച് സൗകര്യാർത്ഥം അപ്പത്തിന് പകരം ഗോതമ്പും, വീഞ്ഞും മതിയെന്നും വഴിപാട് വരുന്ന ഗോതമ്പുപയോഗിച്ച് പള്ളിയിൽ തന്നെ അപ്പം ഉണ്ടാക്കിയാൽ മതിയെന്നും വന്നു. പിന്നീട് സൗകര്യാർത്ഥം ഗോതമ്പിന് പകരം അതിനുള്ള പണം പട്ടക്കാരെ ഏല്പിച്ചാൽ മതിയെന്നും തീരുമാനമായി.

അങ്ങനെ ഭക്തജനങ്ങൾ ഗോതമ്പും വീഞ്ഞും വാങ്ങുവാനുള്ള പണം പട്ടക്കാരനെ ഏല്പിച്ച് തനിക്ക്വേണ്ടി പാപപരിഹാര ബലി അർപ്പിക്കുവാൻ പുരോഹിതനോട് അപേക്ഷിക്കാൻതുടങ്ങി. ഇടവക പട്ടക്കാർ (വൈദീകനായാൽ തന്റെ ഇടവകയിൽ മരണം വരേക്കും സേവനം ചെയ്യുന്നവർ. (അന്ന് സ്ഥലം മാറ്റം ഉണ്ടായിരുന്നില്ല) ഉണ്ടായിരുന്ന കാല

ഘട്ടം ഈ ലേഖകൻ ഇന്നും ഓർക്കുന്നു. ഞാൻ തന്നെ പട്ടക്കാരെ നേരിട്ട് പണം ഏല്പിച്ച് പാപപരിഹാര ബലി എനിക്കു വേണ്ടിയും, മരിച്ചു പോയവർക്കു വേണ്ടിയും അർപ്പിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെയാണ് വി. കുർബ്ബാനയ്ക്ക് പണം എന്ന വ്യവസ്ഥിതി ഉണ്ടായത്. പിന്നീട് പട്ടക്കാർക്കു ശമ്പള പദ്ധതി എന്ന പുത്തൻ ആശയം സഭയിൽ ഉണ്ടായപ്പോൾ പട്ടക്കാരെ പണം ഏല്പിക്കുന്ന രീതി നിർത്തലാക്കി. കൈക്കാരനെയും, പിന്നീട് അതിനുവേണ്ടി ചുമതലക്കാരെയും ഏല്പിച്ചു. ഓഫീസും, കൗണ്ടറും നടപ്പിലായി. അങ്ങനെയാണ് കുർബ്ബാനയ്ക്ക് പണം നൽകൽ ഉണ്ടായത്. ഇതു മനസ്സിലാക്കാതെ ദൈവത്തിന് കൈക്കൂലി, അല്ലെങ്കിൽ പള്ളിക്ക് കൈക്കൂലി എന്ന് അതിനെ കാണുന്നതും വിമർശിക്കുന്നതും അറിവില്ലായ്മയാണ്.

**ഉപസംഹാരം**

വി. കുർബ്ബാനയ്ക്ക് എങ്ങനെ പണം വന്നു എന്നതിന്റെ പഠനത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ. പഴയ നിയമത്തിലെ യഹൂദൻമാരുടെ ബലിയുടെ തുടർച്ചയല്ല വി കുർബ്ബാന. പക്ഷേ, യഹൂദബലിയുടെ ചില മാതൃകകളിൽ ഒന്നാണ് യാഗമൃഗത്തെ കൊണ്ടു വരുന്നതുപോലെ കർത്താവിന്റെ തിരുശരീര രക്തകണങ്ങളായി തീരേണ്ട അപ്പ വീഞ്ഞുകൾ ജനങ്ങൾ കൊണ്ടു വരുന്ന രീതി. കുർബ്ബാന ഐക്യമുള്ള 5 ഓർത്തഡോക്സു സഭകളിൽ (ഓറിയന്റൽ ഓർത്തഡോക്സു സഭകൾ) കോപ്റ്റിക് ഓർത്തഡോക്സു സഭയിൽ ഇന്നും അപ്പവീഞ്ഞുകൾ വീടുകളിൽ നിന്ന് കൊണ്ടു വരുന്ന രീതിയാണെന്നാണ് എന്റെ അറിവ്. ഞാൻ ആ സഭയുടെ ആരാധന കണ്ടിട്ടില്ല. ഇന്ന് ഈ പുരാതന ആരാധനയുടെ മാതൃക ഞാൻ ഇപ്പോൾ നേരിട്ട് കണ്ടു കൊണ്ടിരിക്കുകയാണ്. കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യനായ ഡോ. തോമസ് മാർ അത്തനാസിയോസ് തിരുമേനിയുടെ നിയന്ത്രണത്തിൽ കോലഞ്ചേരി സുഖദ ധ്യാനകേന്ദ്രത്തിലെ സെന്റ്. മേരീസ് ഓർത്തഡോക്സ് ചാപ്പലിൽ എല്ലാ വെള്ളിയാഴ്ചയും (വലിയ നോമ്പ് ഒഴികെ) നടക്കുന്ന വി. കുർബ്ബാനക്ക് ഈ അപ്പ വീഞ്ഞുകൾ സമർപ്പിക്കുകയും പ്രധാന പട്ടക്കാരും, സഹപട്ടക്കാരും ചേർന്ന് ആ അപ്പവീഞ്ഞുകൾ, അവ സമർപ്പിക്കുന്ന ഭക്തരുടെ കൈകളിൽ നിന്ന് സ്വീകരിച്ച് അവരെ അനുഗ്രഹിക്കുകയും ചെയ്യുന്ന ഒരു ശുശ്രൂഷയുണ്ട്. രാവിലെ 8.30 ന് എങ്കിലും ഈ ദേവാലയത്തിൽ വരുന്നവർക്ക് ഈ ശുശ്രൂഷ കൺകുളിർക്കെ കാണുവാൻ കഴിയും. നമ്മുടെ ദേവാലയങ്ങളിൽ ഈ നിർത്തലായ പതിവ് ആരംഭിക്കുന്നത് അഭിലഷണീയമായിരിക്കുമെന്ന് ഈ ലേഖകന് തോന്നിപ്പോകുന്നു. കാരണം വി. കുർബ്ബാനയുടെ ഒരുക്കശുശ്രൂഷ സമയത്ത് (തുയോബോ) പള്ളിയിൽ ആരും ഉണ്ടാകാറില്ല. ഇക്കാര്യം ബ. പട്ടക്കാർ പള്ളിയിൽ ആവർത്തിക്കുകയല്ലാതെ ക്രിയാത്മകമായ ഒരു പുത്തനാശയവും ആരും മുന്നോട്ട് വെച്ച് കണ്ടിട്ടില്ല. അതുകൊണ്ട് ഈ സമർപ്പണ ശുശ്രൂഷ പരസ്യമായി ആരംഭിച്ചാൽ കുറേ പേരെങ്കിലും ആരംഭത്തിൽ പള്ളിയിൽ ഉണ്ടാകാൻ സാധ്യതയുള്ളതായി ഈ ലേഖകൻ ചൂണ്ടിക്കാണിക്കുന്നു.


**SANTHULA TRUST HOSPITAL**



**Vadakara, Koothattukulam**

**Ph: 0485-2250745, 9447575091**

***A Clinical and Research Centre of Neuro - Behavioural Science***

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

കവിത

# മനുഷ്യൻ

ഡോ. ചാണ്ടി പോൾ

തൊണ്ണൂറിലേറെക്കവിഞ്ഞുള്ള കാരണോ-
രെണ്ണിപ്പെറുക്കി കലികാലവൈഭവം:
പണ്ടത്തെയെല്ലാം ചിതം, ശിവം, പിൻനാളി-
ലുണ്ടായതെല്ലാം ചിദാനന്ദനിന്ദനം!
പ്രാചീനമൂല്യങ്ങളെല്ലാം സനാതനം,
വീചികൾ മാത്രമാണിന്നത്തെയൊക്കെയും,
തീരത്തിലാഞ്ഞടിച്ചമ്പേ തകരുന്ന
നീരനിര ചിരിച്ചാർക്കുന്നു മൂഢമായ്!
ഇന്നിന്റെയെല്ലാം പുറംപൂച്ചുമാത്രമാ,-
ണന്നു, പണ്ടെല്ലാം തനിത്തങ്കനിർമ്മിതം!
മാനവൻ നേരും നെറിയുമറിഞ്ഞന്നു
മാനമായ് ജീവിച്ചു മൺമറഞ്ഞീലയോ?
ഇന്നെന്തുമാത്രം കളവു, കാപട്യങ്ങൾ,
ചൊന്നാലൊരന്തുവുമില്ലാത്ത തിന്മകൾ!
എന്നെയിനിയും വിളിക്കുവാൻ വൈകൊല്ല,
പൊന്നു ഭഗവാനുടൻ കനിഞ്ഞീടണം.
തൊണ്ണൂറിലേറെക്കവിഞ്ഞുള്ള കാരണോ-
രെണ്ണീ ദിനങ്ങൾ , മതിയായി ജീവിതം!
ചെല്ലത്തിലുള്ള മുറുക്കാൻ വിഭവങ്ങ-
ളെല്ലാമെടുത്തു ചതച്ചുകൊടുക്കവേ
ചെല്ലപ്പനോടു വല്ല്യപ്പൂപ്പനിഷ്ടമായ്
ചൊല്ലിക്കൊടുക്കും പുരാണമേതെങ്കിലും

❄ ❄ ❄ ❄

അപ്പൂപ്പനിന്നില്ല,യെങ്കിലും ചെല്ലപ്പൻ
അപ്പുരാണത്തിൻ പൊരുളിൽ രമിച്ചിടും
ഇന്നവൻ ലോകചരിത്രം പഠിക്കുന്നു;
വന്നുനിൽക്കുന്നു പുരാതന റോമയിൽ
നീറോ തുടങ്ങിപ്പലരുമൊരുക്കിയ
നീറുന്ന കാലം തുടിക്കുന്നൊരേടുകൾ
നീറിപ്പിടിക്കും മനസ്സിന്നുമിക്കൂന-
യാറുന്നതിൻ മുൻപുറങ്ങാൻ കിടന്നുപോയ്,
പേടിപ്പെടുത്തും കൊളീസിയം മുന്നിലേ-
യ്ക്കോടിയെത്തു,ന്നതിൽ നിൽപ്പോരടിമയും
പട്ടിണിക്കിട്ടൊരു സിംഹവും തമ്മിലാ-
യൊട്ടുനേരം മൽപ്പിടുത്തം കഴിഞ്ഞിട്ടു
സിംഹമപ്പാവത്തിനെക്കൊന്നു തിന്നുന്ന
സംഹാരരുദ്രമാം കാഴ്ച കണ്ടീടുവാൻ
ഉന്തിത്തിരക്കിവന്നെത്തിയ മാനവർ
എന്തട്ടഹാസം മുഴക്കുന്നു! ദുഷ്ടരായ്!
അന്നു തിരിച്ചുപോകും വഴി ചൊല്ലുന്നു
സുന്ദരം, ഗംഭീര,മീ മട്ടുനിത്യവും
ഒന്നിനെയെങ്കിലും കൊല്ലുന്ന കാഴ്ചയീ
മന്നവനേർപ്പെടുത്തീടുകിൽ മംഗളം!
പിന്നെയുമേറെനാൾക്കുള്ളിൽ തുറക്കുന്നു
മന്നവ ജന്മദിനത്തിൽ കൊളീസിയം.
ഇന്നുമടിമയും സിംഹവും തമ്മിലാ-
ണന്നു നടന്നതു പോലെ സമ്മേളനം!
സിംഹം വരുന്നൂ, മുഴങ്ങുന്ന ഹാസങ്ങൾ,
സംഹാരദാഹപടഹകോലാഹലം!
പൈദാഹമേറെയുണ്ടെങ്കിലും സിംഹമോ
പാദങ്ങൾ നക്കുന്നു, കണ്ണീരൊഴുക്കുന്നു!
തൻകാലിലെ മുള്ളു മാറ്റിയതിൻ നന്ദി
പിൻകാൽമടക്കി മുരളുകയാണവൻ!
പെട്ടെന്നു വന്നു വല്യപ്പൂപ്പനോതുന്നു:
"കുട്ടാ, പുരാണമൊരിത്തിരി മാറ്റുവേൻ
അന്നു ഞാൻ ചൊന്നതാം നന്മകളൊന്നുമേ
മന്നിലെ മാനവർക്കില്ലായിരുന്നെടോ.
വല്ലതുമുണ്ടെങ്കിലന്നുമിന്നേപ്പോലെ
വല്ല മൃഗത്തിൻ കരളിലുമായിടാം!"

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | | |
|---|---|---|
| 1 വർഷത്തേക്ക് | - | 100 രൂ. |
| ആയുഷ്ക്കാലം | - | 1000 രൂ. |
| വിദേശത്ത് | - | 4000 രൂ. (100 ഡോളർ) |

## സഭാദിനം ആഘോഷിച്ചു

മലങ്കരസഭാദിനം പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വിപുലമായ പരിപാടികളോടെ 2014 ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച ആഘോഷിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ആഘോഷ പരിപാടികൾ ഇടവകമെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് ഉദ്ഘാടനം ചെയ്തു. രാവിലെ അഭി. തിരുമേനി വി. കുർബാന അർപ്പിച്ചു. തുടർന്ന് കാതോലിക്കേറ്റ് പതാക ഉയർത്തി. സഭാദിന സന്ദേശവും നൽകി.

ഇതോടനുബന്ധിച്ച് ഭദ്രാസനയുവജന പ്രസ്ഥാനത്തിന്റെ കൂത്താട്ടുകുളം മേഖലാസമ്മേളനവും ഒ.വി.ബി.എസ്. ഇടവകതല ഉദ്ഘാടനവും അഭി. തിരുമേനി നിർവ്വഹിച്ചു. യുവജനങ്ങളുടെ ഇടയിലുള്ള ക്രിസ്തീയ ശുശ്രൂഷ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ വിവിധ ക്ലാസ്സുകൾക്കും ചർച്ചകൾക്കും വികാരി ഫാ. ഷിബു കുര്യൻ, റവ. ഡോ. അഗസ്റ്റിൻ പുല്ലുകാലാ, ഔസേഫ് മാരിക്കുടിയിൽ, ജെയിംസ് ആനിപ്ര, അഡ്വ. ജെമറിൻ തോട്ടത്തുകുന്നത്ത്, ഏലിയാസ് ചെള്ളക്കുങ്ങര, അഡ്വ. ജോൺ വർഗീസ് വലിയകുളങ്ങര, ജയ സണ്ണി, സിനി ജെയിംസ്, ജിൽസൺ പുത്തിരിക്കൽ, എൽസി മാത്യു എന്നിവർ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി നൂറ്റി അൻപതോളം പ്രതിനിധികൾ പങ്കെടുത്തു.

## സെമിനാർ നടന്നു

പാലക്കുഴ: മലങ്കര സഭാ മാനവശാക്തീകരണ വിഭാഗം പാലക്കുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'പെണ്മയുടെ നന്മ' എന്ന വിഷയത്തിൽ സെമിനാർ നടത്തി. പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ചു നടന്ന യോഗം റവ. ഡോ. ജോൺ എർണ്യാകുളം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന ക്ലാസ്സുകൾ റവ. ഡോ. അഗസ്റ്റിൻ പുല്ലുകാല, പ്രൊഫ. ജെയിംസ് വടക്കേക്കൂറ്റ്, ജെയിംസ് ആനിപ്ര, ഡോ. സെൽവി സേവ്യർ, ലിസി ഏലിയാസ്, ജയ സണ്ണി എന്നിവർ നയിച്ചു. വികാരി ഫാ. ഷിബു കുര്യൻ അദ്ധ്യക്ഷത വഹിച്ചു. ഇടവകയിലെ ഇരുന്നൂറോളം പേർ പങ്കെടുത്തു.

## യാക്കോബായ വിഭാഗത്തിന്റെ ഹർജി തള്ളി

പുത്തൻകുരിശ് സെന്റ് പീറ്റർ & സെന്റ് പോൾസ് പള്ളിയിൽ 1934-ലെ സഭാഭരണഘടന പ്രകാരം ഭരണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അന്യായം നിലനിൽക്കുന്നതല്ല എന്നു വാദിച്ചുകൊണ്ട് യാക്കോബായ വിഭാഗം സുപ്രീംകോടതിയിൽ സമർപ്പിച്ചിരുന്ന പരാതി ജസ്റ്റിസ്മാരായ ചന്ദ്രമൗലി കെ. പ്രസാദ്, പിനാകി ചന്ദ്രഘോഷ് എന്നിവർ അടങ്ങിയ ബെഞ്ച് തള്ളി. ഓർത്തഡോക്സ് പക്ഷത്തിനുവേണ്ടി അഡ്വ. ഇ. എം.എസ്. അനാം, അഡ്വ. എസ്. ശ്രീകുമാർ എന്നിവരാണ് ഹാജരായത്.

## ഹൈക്കോടതി നിരസിച്ചു

മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളി തുറന്ന് ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം വി. കുർബ്ബാന അർപ്പിക്കുന്നതിന് അനുവദിച്ചുകൊണ്ട് ജില്ലാകോടതി നൽകിയ ഒ.എസ്. 41/2003 ലെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന യാക്കോബായ വിഭാഗത്തിന്റെ ആവശ്യം ഹൈക്കോടതി നിരസിച്ചു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ പള്ളി തുറന്ന് വി. കുർബ്ബാന അർപ്പിക്കുന്നതും താക്കോൽ വികാരിക്ക് കൈമാറുന്നതും സംഘർഷത്തിന് ഇടയാക്കുമെന്ന കാരണത്താൽ ജില്ലാകോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്നായിരുന്നു യാക്കോബായ വിഭാഗം ആവശ്യപ്പെട്ടത്. ബഹു. ഹൈക്കോടതി തുറക്കുന്ന മെയ് 27 വരെ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുന്നതല്ല എന്ന് വികാരി ഫാ. ഏലിയാസ് ജോണിന്റെ ഉറപ്പിന്മേൽ യാക്കോബായ വിഭാഗത്തിന്റെ ആവശ്യം ഹൈക്കോടതി നിരസിക്കുകയാണുണ്ടായത്. പള്ളിയുടെ താക്കോൽ വികാരിക്ക് കൈമാറുന്നതിന് തടസ്സമില്ലെന്നും കോടതി വ്യക്തമാക്കി.

## വാദം കേൾക്കൽ നീട്ടി

കോലഞ്ചേരി സെന്റ് പീറ്റർ & സെന്റ് പോൾസ് പള്ളിയിൽ 1934-ലെ ഭരണഘടനയാണ് ബാധകമെന്ന ഹൈക്കോടതിവിധിയെ ചോദ്യം ചെയ്ത് യാക്കോബായ വിഭാഗം സമർപ്പിച്ചിരുന്ന ഹർജിയിൽ വാദം കേൾക്കുന്നത് സുപ്രീംകോടതി 2014 ജൂലൈ 21-ലേക്ക് നീട്ടി.


## ഡയോസിഷൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

## ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും

**വടകര, കൂത്താട്ടുകുളം**
Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ
വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.
സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.
*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid)
*പ്രവേശനം നൽകുന്നു*

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015

Date of Publication 15-5-2014, Price Rs. 10/-

**DIOCESAN BULLETIN**

Licence No. KL/CR/ALU/WPP-02/2013-15
Licensed to Post Without Pre-payment

## പെരുന്നാൾ ആഘോഷിച്ചു

പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവക അതിന്റെ കാവൽപിതാവായ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ പതിവുപോലെ ഈ വർഷവും ഏപ്രിൽ 22, 23 തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടി. ആദ്യദിവസമായ 22 ന് സന്ധ്യാപ്രാർത്ഥന, വചനശുശ്രൂഷ, പ്രദക്ഷിണം എന്നിവ നടന്നു. 23-ാം തീയതി രാവിലെ 8.00 ന് ആരംഭിച്ച വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് പ്രധാന കാർമ്മികനായിരുന്നു. കുർബാന മദ്ധ്യേ അഭി. തിരുമേനി ചെയ്ത പ്രസംഗത്തിൽ സന്യാസ, വൈദിക നിലകളിൽ പ്രവേശിക്കാതെ വിശുദ്ധ പദവി നേടിയ ഗീവർഗീസ് സഹദാ, ഏതൊരു വ്യക്തിക്കും അയാൾ ആയിരിക്കുന്ന സ്ഥാനത്തു നിന്നുകൊണ്ടു തന്നെ വിശുദ്ധനായിത്തീരാൻ സാധിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണെന്ന് പ്രസ്താവിച്ചു. ആദ്ധ്യാത്മികതയുമായി സാധാരണഗതിയിൽ പൊരുത്തപ്പെടാത്ത ഒരു പട്ടാളമേധാവി വിശുദ്ധനായിത്തീർന്നത് എല്ലാ ജീവിതമേഖലകളിലും പ്രവർത്തിക്കുന്നവർക്ക് അപ്രകാരമായിത്തീരാനുള്ള ശക്തമായ അനുകരണവെല്ലുവിളിയാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വികാരി ഫാ. എബ്രാഹാം കാരാമ്മേൽ, ട്രസ്റ്റിമാരായ പി.വി. രാജു മണ്ണത്താംചേരിൽ, പി.കെ. ജെയിംസ് പുറ്റാനിൽ എന്നിവർ പെരുന്നാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. വട്ടക്കുന്നേൽ ജോൺ വി. മാർക്ക് ഈ വർഷം ഏറ്റുകഴിച്ച ഈ പെരുന്നാൾ അടുത്ത വർഷം നിർവ്വഹിക്കുന്നത് പുതിയാപറമ്പിൽ ബാബു സഖറിയയാണ്.

## പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചു

മണ്ണത്തൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനി പള്ളി വികാരി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളത്തിന്റെ പൗരോഹിത്യജൂബിലി ആഘോഷങ്ങൾ 2014 മെയ് 3-ാം തീയതി ശനിയാഴ്ച വൈകുന്നേരം 7 മണിക്ക് മൗണ്ട്സീനായ് ഓർത്തഡോക്സ് സെന്ററിൽ ആരംഭിച്ചു. മലങ്കരസഭാ വൈദീകട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രാഹം കോനാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ഇടവകയിലെ കുടുംബയൂണിറ്റുകളുടെ കോ-ഓർഡിനേറ്റർ ഫാ. ജോസ് വെട്ടിക്കുഴി സ്വാഗതം ആശംസിച്ചു. സംസ്ഥാന ഭക്ഷ്യസിവിൽ വകുപ്പ് മന്ത്രി അഡ്വ. അനൂപ് ജേക്കബ് യോഗം ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹം കാരാമ്മേൽ ജൂബിലേറിയനെ ഔപചാരികമായി ആദരിച്ചു. ആഘോഷ സമ്മേളനത്തിൽ നടന്ന അവയവദാന സമ്മതപത്ര സ്വീകരണം കിഡ്ണി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാ. ഡേവിസ് ചിറമേൽ നിർവ്വഹിച്ചു. 'ദേവദൂതിക' രക്ഷാധികാരി ഡോ. റെജി പോളിൽ നിന്നാണ് സമ്മതപത്രം സ്വീകരിച്ചത്. റെഡ്റിബൺ പ്രിവിലേജ് കാർഡ് വിതരണം മുൻ MLA എം.ജെ. ജേക്കബ് നിർവ്വഹിച്ചു. ഫാ. വിജു ഏലിയാസ്, അനിത ബേബി, ബിജുതറമഠം, ഫാ. ബാബു എബ്രാഹാം, കെ.എം. ജേക്കബ്, പോളി ഐസക്, റ്റിസി തങ്കച്ചൻ എന്നിവർ ആശംസകൾ നേർന്നു. ഫാ. ഏലിയാസ് ജോൺ ആശംസകൾക്ക് നന്ദി പറഞ്ഞു. മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി സാജു കുര്യാക്കോസ് എല്ലാവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു.



ഫാ. ഏലിയാസ് ജോൺ 1993 ൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ കല്പന പ്രകാരമാണ് മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളിവികാരിയായി ചുമതലയേറ്റത്. അതിനു മുമ്പ് അദ്ദേഹം ഊരമന ഗലീലാക്കുന്ന്, കൂത്താട്ടുകുളം തോട്ടുപുറം ചാപ്പൽ, ഇടയാർ സെന്റ് മേരീസ് എന്നിവിടങ്ങളിൽ വൈദീക ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. സഭാമാനേജിംഗ് കമ്മറ്റിയിലും കണ്ടനാട് ഭദ്രാസന കൗൺസിലിലും അംഗമായിരുന്നു. വടകരയിലുള്ള ഗിലയാദ് മരിയൻ ഓർഫനേജ്, റീട്രീറ്റ് സെന്റർ & വയോഭവനിന്റെ ഡയറക്ടർ, മണ്ണത്തൂർ സെന്റ് ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. എല്ലാ മത-സഭാ വിഭാഗങ്ങളോടും ഉറ്റ സ്നേഹബന്ധം പുലർത്തുന്ന ബഹു. അച്ചൻ നല്ലൊരു സംഘാടകനും തെളിഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയുമാണ്. മണ്ണാത്തിക്കുളത്തിൽ വെരി. റവ. എം.സി. ജോൺ കോർ എപ്പിസ്കോപ്പയുടെ മകനായ ഫാ. ഏലിയാസ് ജോൺ മണ്ണത്തൂർ സെന്റ് ജോർജ്ജ് പള്ളിവികാരി എന്ന നിലയയിൽ അനേകം എതിർപ്പുകളും ഭീഷണികളും അക്രമങ്ങളും വിമത വിഭാഗത്തിൽ നിന്ന് നേരിട്ടുകൊണ്ടാണ് തന്റെ ഇടവക ശുശ്രൂഷ വിജയകരമായി നിർവ്വഹിച്ചു വരുന്നത്.

### തിരിച്ചെത്തുന്നു

സന്തുല ട്രസ്റ്റ് ആശുപത്രി ഡയറക്ടറും മുഖ്യ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ് ഒരു മാസത്തെ അമേരിക്കൻ പര്യടനത്തിനുശേഷം ഈ മാസം 3-ാം വാരത്തിൽ തിരികെയെത്തും. മെയ് 20-ാം തീയതി ബഹു. അച്ചൻ സന്തുലയിലെ ജോലിയിൽ പ്രവേശിക്കും.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha